# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വളാഞ്ചേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/1722/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/08/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വളാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3) റീജിയണൽ ഡയറക്ടർ, നഗരകാര്യ വിഭാഗം, കോഴിക്കോട്. (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.25/1722/2022 തീയ്യതി: 03/08/2022

## മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 04-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ.പി., ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ്.പി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. യൂസഫ്.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജഹാൻ ഖുറൈഷി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി വിനീത.പി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റുഫീന സി കെ | ചെയർപേഴ്സൺ | 01-04-2020 | 01-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 21-12-2020 |
| ശ്രീ. അഷ്റഫ് അമ്പലത്തിങ്ങൽ | ചെയർമാൻ | 22-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സീന എച്ച് | സെക്രട്ടറി | 11-11-2020 | 31-03-2021 |
| ഡോ. ശ്രുതി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ. മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അബ്ദുൾ അസീസ് | വെറ്ററിനറി സർജൻ | 01-04-2020 | 15-05-2020 |
| ശ്രീ.അബ്ദുൾ ഗഫൂർ | വെറ്ററിനറി സർജൻ | 16-05-2020 | 31-03-2021 |
| ശ്രീ. ബെന്നി മാത്യൂ | പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രിയ കെ എസ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ശ്രീമതി. ലക്ഷ്മി ഒ | മുനിസിപ്പൽ എഞ്ചിനീയർ | 16-02-2021 | 31-03-2021 |
| ശ്രീമതി. ശാന്തകുമാരി ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. അനുപമ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 01-05-2020 |
| ഡോ. സൽവ എം പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 02-05-2020 | 31-03-2021 |
| ശ്രീ. സുനിൽകുമാർ.എസ്. | സെക്രട്ടറി(അഡീഷണൽ ചാർജ് ) | 01-04-2020 | 10-11-2020 |
| പത്മശ്രീ. കെ. | മുനിസിപ്പൽ എഞ്ചിനീയർ | 23-06-2020 | 15-02-2021 |
| ശ്രീ. സജി ജേക്കബ് | ഹെഡ്മാസ്റ്റർ | 01-04-2020 | 30-04-2020 |
| ഒഴിവ് | ഹെഡ്മാസ്റ്റർ | 01-05-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Rishil.P (Audit Officer, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 17-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 20-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Rishil.P (Audit Officer, On 25-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-5 |
| 6 | തൊഴിലുറപ്പ് (AUEGS)<br>Written By: Santhosh.P.T (Asst. Audit Officer, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ്<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 17-07-2022) | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-11-1 |
| 13 | തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-12 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-13 |
| 15 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കേണ്ടതാണ്<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-14 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-15 |
| 17 | വിദ്യഭ്യാസസ്ഥാപനത്തിന്റെ വസ്തു നികുതി-നിയമപ്രകാരം തുടർ നടപടി | 1-16 |

| | | |
|---|---|---|
| | സ്വീകരിക്കണം<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | |
| 18 | ലേലം -അടവാക്കിയ തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല.<br>Written By: Vineetha P P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-17 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര-വാങ്ങൽ നടപടികളിലെ അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-18 |
| 20 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ കുറവായി ഈടാക്കി – നഷ്ടം 14338 രൂപ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-19 |
| 21 | സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-20 |
| 22 | മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: Santhosh.P.T (Asst. Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-21 |
| 23 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 21-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-22 |
| 24 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി-സൈറ്റ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്<br>Written By: Santhosh.P.T (Asst. Audit Officer, On 20-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-23 |
| 25 | അയ്യൻകാളി നഗര തൊഴിലുറപ്പ പദ്ധതി-കിണർ റീചാർജ് പ്രവൃത്തികളുടെ സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Santhosh.P.T (Asst. Audit Officer, On 20-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-24 |
| 26 | പട്ടികജാതി സങ്കേതകങ്ങളിൽ LDR സ്ഥാപിക്കൽ – പദ്ധതി അപാകതൾ- 495366 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-25 |
| 27 | പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-26 |
| 28 | പദ്ധതി രൂപീകരണം-നിർവഹണം-പൂർത്തീകരണം - മാർഗരേഖ പാലിക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-27 |
| 29 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - പദ്ധതി അപാകതകൾ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-28 |
| 30 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-28-1 |
| 31 | ആലിൻചുവട് വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-28-2 |

| | | |
|---|---|---|
| 32 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 37634 രൂപ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-29 |
| 33 | മിനി വ്യവസായ കേന്ദ്രം അടിസ്ഥാന സൗകര്യം ഒരുക്കൽ - ആദായ നികുതി കുറവായി ഈടാക്കി<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-30 |
| 34 | എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-31 |
| 35 | കാരാട് മൊട്ടപ്പുറം മിനി കുടിവെള്ള പദ്ധതി - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമ വിരുദ്ധം<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-32 |
| 36 | തെരുവ് വിളക്ക് പ്രവൃത്തികൾ - പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 30,577 രൂപ<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-33 |
| 37 | ചെലവ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-34 |
| 38 | മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-35 |
| 39 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉപയോഗപ്പെടുത്തുന്നില്ല.<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-36 |
| 40 | റോഡ് കണക്റ്റിവിറ്റി മാപ്പ്- പ്ലാൻ, മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-37 |
| 41 | കാട്ടിപ്പരുത്തി ആൽത്തടം വട്ടക്കിണർ തോട് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി- കരാറുകാരന് അധികം നൽകിയത് 1904 രൂപ.<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-38 |
| 42 | കാളിയാല റോഡ് കുഴൽകിണർ നിർമ്മാണം - തുടർ വിവരങ്ങൾ ലഭ്യമല്ല<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-39 |
| 43 | ഇ-ടെണ്ടർ - ടെണ്ടർ ഫീ നഗരസഭ ഫണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-40 |
| 44 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം<br>Written By: Rishil.P (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-41 |
| 45 | പി.എം.എ.വൈ ഭവന പദ്ധതി-അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-42 |
| 46 | കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022) | 1-43 |

| | | |
|---|---|---|
| | Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | |
| 47 | ജി.എസ്.ടി.-TDS ഈടാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-44 |
| 48 | കടത്ത് കൂലി -ഇൻകം ടാക്സ് ഈടാക്കിയില്ല.<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-45 |
| 49 | അഗതിരഹിതകേരളം പദ്ധതി-അവലോകനം<br>Written By: Yousuf.P (Asst. Audit Officer, On 25-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-46 |
| 50 | കുടിവെള്ളം വിതരണം-അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-47 |
| 51 | വൃക്ക രോഗികൾക്ക് മരുന്ന് - വിതരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-48 |
| 52 | പെൻഷൻ ഫണ്ട് - അക്കൗണ്ട് ആരംഭിച്ചില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 1-49 |
| 53 | ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു-വൻ വരുമാന നഷ്ടം<br>Written By: Vineetha P P (Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 17-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 17-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 17-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 17-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Vineetha P P (Auditor, On 17-07-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 03-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vineetha P P (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 26.03.2020 (1) | 22.02.2021 (1) |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31-07-2021 | 30-07-2021 |

### 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 78195773 |
| വരവ് | 143830897 |
| ആകെ | 222026670 |
| ചെലവ് | 139188180 |
| നീക്കിയിരിപ്പ് | 82838490 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 17854815 | 17854815 | 16856285 | 998530 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13426000 | 13426000 | 12656632 | 769368 |
| വികസന ഫണ്ട് (ടി.എസ് .പി) | | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12600000 | 12600000 | 12587963 | 12037 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4610886 | 4610886 | 4610886 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4150000 | 4150000 | 1352637 | 2797363 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 10409846 | 10409846 | 5574336 | 4835510 |
| ബി ഫണ്ട് | 0 | 59597800 | 59597800 | 59597800 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 312 | 175313681 | 225 | 73618079 | 0 | 87 | 72% |

### 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 184288 | 3651424 | 3835712 | 1483873 | 2351839 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | | 7425034 | 7425034 | 7425034 | |
| | 184288 | 11076458 | 11260746 | 8908907 | 2351839 |

ഗുണഭോക്താക്കൾക്ക് തുക നേരിട്ട് അനുവദിക്കുന്നില്ല. വരവ് 1 കോടി രൂപയാണ്. മുൻ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ തിരികെ വന്ന തുക 76,458/- രൂപ 'Other Creditors' എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം അയ്യങ്കാളി തൊഴിലുറപ്പ് റസീപ്റ്റ് ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. 10ലക്ഷം നഗരസഭാ തനതു ഫണ്ടിൽ നിന്നും ലഭിച്ചത്.ആയതിനാൽ വാർഷിക കണക്കുകളിൽ 11076458/- (100,00,000 + 76,458+1000000) രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട പലിശ വരവും (60414/- രൂപ) ഈ ഹെഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. അപാകത വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അയ്യങ്കാളി ക്യാഷ് ബുക്കിൽ (ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ) താഴെ പറയും പ്രകാരമാണ് യഥാർത്ഥ വരവ്- ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭരണ ചെലവുകൾ | 184288 | 10000000 | 474166 | |
| ബാങ്ക് പലിശ | | 60414 | | |
| മറ്റുള്ളവ | | | 5623 | |
| നഗരസഭാ തനതു ഫണ്ടിൽ നിന്നും ലഭിച്ചത്. | | 1000000 | 1000000 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | 7425034 | |
| ആകെ | 184288 | 11060414 | 8904823 | 2339879 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | | |
| കർഷകതൊഴിലാളി വേതനം | 1899000 | 108 |
| വിധവാ പെൻഷൻ | 18882700 | 1362 |
| വാർദ്ധക്യകാല പെൻഷൻ | 32059600 | 2673 |
| വികലാംഗ പെൻഷൻ | 5835300 | 417 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 591200 | 45 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-07-2022 ന് 12.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 51929/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

വളാഞ്ചേരി നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം പരിശോധിച്ചതിൽ പല മേഖലയിലും പോരായ്മകൾ നിലനില്ക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

1.നഗരസഭയിൽ എഴുതി സൂക്ഷിക്കേണ്ട മുൻകൂർ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. വാർഷികസംഗ്രഹം തയ്യാറാക്കാത്തതുകാരണം വസ്തുനികുതി, തൊഴിൽനികുതി, വാടക, ബസ്റ്റാന്റ് ഫീസ് , കംഫർട്ട് സ്റ്റേഷൻ, എന്നിവയുടെ യഥാർത്ഥ ഡിമാന്റുകളാണോ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. തപാലുകളുടെ വരവും തീർപ്പാക്കലും പരിശോധിക്കാനാവശ്യമായ സംവിധാനം നഗരസഭയിൽ ഇല്ല. വിദഗ്ധസമിതികളായ വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ ചർച്ചകൾ നടത്തുകയോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതായോ മിനട്സ് ബുക്ക് പരിശോധനയിൽ വ്യക്തമല്ല.

2.തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് ധാരാളം പ്രോജക്ടുകൾ തൻവർഷം ചെയ്തിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ കാണിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3)കേരള ഫിനാൻഷ്യൽ കോഡ് വാല്യം I 120 മുതൽ 162വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്.ആർട്ടിക്കിൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും ,വിലകുറഞ്ഞ സ്റ്റോറുകൾക്കും II)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും III)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ,ആയതും പാലിക്കപ്പെടുന്നില്ല.

4)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ രണ്ടു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിന് മാത്രമാണ്. തൻവർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

5)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി,ഹെഡ്മാസ്റ്റർ, പ്രോജക്ട് ഓഫീസർ,ICDS സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പാലിച്ചിട്ടില്ല.

6)തെരുവ് വിളക്കുകളുടെ എണ്ണം,ഇനം, മുതലായവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).വൈദ്യുതി ചാർജ് ഇനത്തിൽ നല്ലൊരു തുക നഗരസഭ മാസംതോറും അടവാക്കുന്നുണ്ടെങ്കിലും നഗരസഭയിൽ പ്രവർത്തിക്കുന്ന തെരുവുവിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്,മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും കൃ ത്യമായ വിവരം നഗരസഭയിൽ ഇല്ല.തൻവർഷവും പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.ആയവ സംബന്ധിച്ചും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7.അസി.എഞ്ചിനീയറുടെ ഓഫീസിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

8. തൻവർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഓരോ മേഖലയിലുള്ള കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അഭാവത്തിൽ ഇത്തരം പദ്ധതികൾ നഗരസഭ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടില്ല.

10. വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ, ഫയൽ പരിപാലിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നിലവിൽ ഇല്ല | | |
| എ ജി ഓഡിറ്റ് | 07.04.2021 | 2017-18 മുതൽ 2020-21 വരെ | 13.08.2021 |

## 1-11 വാർഷിക കണക്ക് അപാകതകൾ

1. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(2)(e) പ്രകാരമുള്ള കുറിപ്പുകൾ, ചട്ടം 58(3)പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.Canara Bank (Panchayath)അക്കൗണ്ടിൽ RP-40(b) ഷെഡ്യൂൾ പ്രകാരം1,02,362രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. തൊഴിൽ നികുതി (എംപ്ലോയീസ് & ട്രേഡേഴ്സ്), ഡി & ഒ ലൈസൻസ് ഫീ, വാടക, ബിൽഡിംഗ്

പെർമിറ്റ്/റഗുലറൈസേഷൻ, License Fee For Domestic Animals / Dogs, Private Hospital & Paramedical Institutions Registration Fee, ബസ് സ്റ്റാന്റ് ഫീ, മാർക്കറ്റ് ഫീസ്, എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. License Fee Under P.P.R Act, ജനന മരണം, വിവാഹ രജിസ്ട്രേഷൻ മുതലായവയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| സഞ്ചയ ഡി.സി.ബി | 10744402 | 16751508 | 4299067 | 11934674+*256949= 12191623 | 6470693 | 4591019 |
| വാർഷിക കണക്ക് | 4540504 | 16565415 | 4696051 | 12385085+*256949= 12642034 | 5796451 | 4385496 |
| * ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക | | | | | | |

വാർഷിക കണക്കിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരവും സഞ്ചയ ഡി.സി.ബി യിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരവും അതത് സ്റ്റേറ്റുമെന്റുകളിൽ തന്നെ പരസ്പരം പൊരുത്തപ്പെടുന്നില്ല. അരിയർ ഡിമാന്റിൽ സഞ്ചയ ഡി.സി.ബിയും വാർഷിക കണക്കും തമ്മിൽ 62,03,898 രൂപയുടെ ഗണ്യമായ വ്യത്യാസമുണ്ട്.

ലൈബ്രറി സെസ്സ് ഇനത്തിലും വ്യത്യാസം നിലനിൽക്കുന്നു.

6. RP-1 ഷെഡ്യൂളിൽ Tax Remission & Refund – Property Tax (General) എന്ന ഹെഡിൽ 23,506 രൂപ Minus Figure ആയി ചേർത്തിട്ടുണ്ട്. നികുതി അധിക വരവായി ലഭിച്ചത് തുടർ വർഷങ്ങളിലേയ്ക്ക് ക്രമീകരിക്കുകയല്ലാതെ Refund ചെയ്യുന്നത് ക്രമ വിരുദ്ധമാണ്.

7. വിനോദ നികുതി വരവ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഈ ഇനത്തിൽ തൻവർഷ വരവ് തുക 24649 രൂപ (RP-1)

8. B-7ഷെഡ്യൂൾ പ്രകാരം 34,90,809 ഡെപ്പോസിറ്റ് ബാധ്യതയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. Non Refundable Deposit കൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

9. RP-27 ഷെഡ്യൂളിൽ വരവ് ഭാഗത്ത് Supplier's EMD 600 രൂപ, Rent Deposit 270രൂപ എന്നിവ Minus Figure ആയി നൽകിയിരിക്കുന്നു.

10. Loan From HUDCO (330500202) ഇനത്തിൽ RP-25പ്രകാരം 30,00,000രൂപ വരവും ബാലൻസ് ഷീറ്റ് B-5 പ്രകാരം 3,81,33,333 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നമുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

11. B-14 പ്രകാരം 483212 രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്. എന്നാൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

12. RP-41പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് 1,85,000 രൂപയുണ്ടെങ്കിലും യാതൊരു തുകയും ക്രമീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം നൽകിയതും ക്രമീകരിച്ചതും രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മറ്റ് അഡ്വാൻസുകൾ ഹെഡ് വൈസായി രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ അവയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

13. RP-41പ്രകാരം Standing Advance ആയി 25000രൂപയും മിസലേനിയസ് അഡ്വാൻസ് ആയി 23510 രൂപ യും Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

14. B-18 പ്രകാരം 6411431 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

15. B-8 പ്രകാരം Deposit Work -Others എന്ന ഹെഡിൽ 2,00,000 രൂപ Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

16.മുൻ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയിൽ തിരികെ വന്ന തുക 76,458/- രൂപ 'Other Creditors' എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം അയ്യങ്കാളി തൊഴിലുറപ്പ് റസീപ്റ്റ് ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. 10ലക്ഷം നഗരസഭാ തനതു ഫണ്ടിൽ നിന്നും ലഭിച്ചത്.ആയതിനാൽ വാർഷിക കണക്കുകളിൽ 11076458/- (100,00,000 + 76,458+1000000) രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട പലിശ വരവും (60414/-

രൂപ) ഈ ഹെഡിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

17. RP-22പ്രകാരം 11076458 രൂപ തൊഴിലുറപ്പ് പദ്ധതിക്കായി വരവുണ്ട്.പ്രസ്തുത പദ്ധതിയുടെ റവന്യൂ ഗ്രാന്റ് വരവ്-ചെലവ് വിവരം ഇംകം ആന്റ് എക്സ്പെൻഡീച്ചർ പത്രികയിൽ ഉൾപ്പടുത്തിയിട്ടില്ല.

18. വാർഷിക കണക്കിലെ I-17(a), B-11 ഷെഡ്യൂളുകൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ കാൽക്കുലേഷൻ ഷീറ്റ് , മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

19. മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

താഴെ കൊടുത്ത ഫണ്ടുകളിലെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി (എ.സി.ആർ) പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് ഇനം | ഗ്രാന്റ് സ്റ്റേറ്റമെന്റ് പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (എ.സി.ആർ) പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,02,29,284 | 1,68,56,285 |

## 1-12 തൊഴിൽനികുതി: രജിസ്റ്ററുകളുടേയും റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ

വളാഞ്ചേരി നഗരസഭയിൽ 2020-21വർഷത്തെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാരസ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യേകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കളക്ഷൻ വിവരങ്ങളുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.

2. ജീവനക്കാരുടെയും വ്യാപാരസ്ഥാപനങ്ങളുടേതുമുൾപ്പെടെ പല സ്ഥാപനങ്ങളുടേയും 2 അർദ്ധ വർഷങ്ങളിലേയും റിട്ടേണുകൾ ലഭ്യമാക്കിയിട്ടില്ല. മുഴുവൻ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക പ്രകാരം 32632/- രൂപ കുടിശ്ശികയും, തൻവർഷ തൊഴിൽനികുതി 763956/- രൂപയും ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കാത്തതിനും റജിസ്റ്ററുകളും രേഖകളും യഥാവിധി സൂക്ഷിക്കാത്തതിനും കാരണം വിശദമാക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 3/2020-21/ 11.02.2022 ന് മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകളും, അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ അതത് സെക്ഷനുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 4(1) പ്രകാരം ഏതെങ്കിലും ഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സംരംഭത്തിലോ, സ്ഥാപനത്തിലോ, ശമ്പളത്തിനോ, വേതനത്തിനോ, നിയമിക്കപ്പെടുകയോ, അതിൽ തൊഴിലെടുക്കുകയോ, ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്നും ചട്ടം 3 (1) ൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|
| Syndicate Bank | II |

| | |
|---|---|
| Nizar Hospital(Dr. Ravi, Deepu Jacob, Sadath) | II |
| IKM Valanchery | II |
| LIC Branch Officer, Tirur | II |
| UAE Exchange | II |
| Pavithra Theatre | I |
| Sreekumar Theatre | I |
| BSNL | II |
| Asst. Director Of Co-operative Audit | I, II |
| ESAI- Swasraya Multistage Agro Co-op Society | I, II |
| JBS Associate | I, II |
| Karthika Movies | I, II |
| Key Tees Petroleum | II |
| RMITE Valanchery | II |
| Indian Oversease Bank | II |
| Axis Bank | II |
| Kumar Saw Mill | I, II |
| Fig Bakes & Bakery | I,II |
| G.K Motors | I, II |
| H.K Associates | I, II |
| Kerala Head Load Worker's Welfare Board | I, II |
| Sarvodaya Sangh, Khadi Bhavan | II |
| Popular Movies | II |
| Popular Paradise | II |
| Karthika Film City | I |
| Mahathma College | I,II |
| Crown Hotel | I, II |
| Volga Hotel | I, II |
| Brother Hotel | I, II |
| Variety Furniture | I, II |
| Vismaya Home Appliances | I, II |
| Hotel Albaik | I, II |
| Sanha Silks | I |
| Ganga Motors | I, II |
| Arma Medicity Lab | I, II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ .3/2020-21/17.02.2022 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-14 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കേണ്ടതാണ്

താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013 ഒന്നാം അർദ്ധ വർഷം മുതൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഡിമാന്റ് ചെയ്ത കാലയളവ് മുതൽ 31-03-2021 വരെയും നികുതി ഒടുക്കിയതായി കാണുന്നില്ല. 2020-21 വർഷം വരെയുള്ള ഡിമാന്റ് - കളക്ഷൻ - ബാലൻസ് വിശദാംശം ചുവടെ ചേർക്കുന്നു .

| മൊബൈൽ | കെട്ടിട | സാമ്പത്തിക | നിർണ്ണയിക്കപ്പെട്ട വസ്തു | അടവാക്കാൻ |
|---|---|---|---|---|

| കമ്പനിയുടെ പേര്, മേൽവിലാസം | നമ്പർ | വർഷം | നികുതി& എൽ.സി. (അർദ്ധവർഷം ) | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| റിലയൻസ് ഇൻഫോ. കോ ലിമിറ്റഡ് | 18/659A | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2020-2021 രണ്ടാം അർദ്ധവർഷം വരെ | 7500+ 375 = 7875 | 7875x8x2=1,26,000 |
| ജനറൽ മാനേജർ, ബി എസ് എൻ എൽ | 18/992A | 2013-14 മുതൽ 2020-21 വരെ | 7500+375 | 7875x8x2=1,26,000 |
| ആകെ | | | | 252000 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 സാമ്പത്തിക വർഷം മുതൽ നാളിതു വരെയും ഈടാക്കാത്തതിന്റെ കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 6/2020-21 Dtd 14.07.2022 ന് ടവർ ഉടമകൾക്ക് എല്ലാ വർഷവും നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകിയെങ്കിലും ടി സ്ഥാപനങ്ങൾ നികുതി അടവാക്കിയിട്ടില്ല എന്നും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഒരു നഗരസഭ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും നഗരസഭയിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം താഴെപ്പറയുന്ന കോൺട്രാകടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

| കരാറുകാരുടെ പേര് | മേൽവിലാസം |
|---|---|
| ടി കെ അബ്ദുൾ ഖാദർ | PWD കോൺട്രാക്ടർ, വളാഞ്ചേരി |
| ടി.കെ. മൊയ്തീൻകുട്ടി | PWD കോൺട്രാക്ടർ, തൊഴുവാനൂർ |
| കെ. അബ്ദുൾ മജീദ് | PWD കോൺട്രാക്ടർ, തൊഴുവാനൂർ |
| ടി. ഷഹരിയാദ് | PWD കോൺട്രാക്ടർ, വളാഞ്ചേരി |
| കെ. മസൂദ് | PWD കോൺട്രാക്ടർ, വളാഞ്ചേരി |
| യു വി സിദ്ദിഖ് | PWD കോൺട്രാക്ടർ, വട്ടകുളം |
| ടി.ഹസ്സൻ കോയ | PWD കോൺട്രാക്ടർ, ആതവനാട് |
| ഹാഷീഖ് റഹ്മാൻ | PWD കോൺട്രാക്ടർ, കാട്ടിപ്പരുത്തി |
| കെ അഹമ്മദ് | PWD കോൺട്രാക്ടർ, ആതവനാട് |
| പി. ഷംസുദ്ദീൻ | സെക്രട്ടറി, PLCCSഎടരിക്കോട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 7./2020-21/14.07.2022 ന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ സൂചിപ്പിച്ച കരാറുകാർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഈടാക്കാത്ത പക്ഷം അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-16 വിദ്യ്യാസസ്ഥാപനത്തിന്റെ വസ്തു നികുതി-നിയമപ്രകാരം തുടർ നടപടി സ്വീകരിക്കണം

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന കെട്ടിട നമ്പർ 17/44 ഇഖ്റ ഇംഗ്ലീഷ് സ്കൂൾ എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി 2015 ഒന്നാം അർദ്ധവർഷം മുതൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. 2020-21 കാലയളവ് വരെയുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Year | Period | Demand | Balance To Be Paid |
|---|---|---|---|
| 2015 | First Half | 309 | 309 |
| 2015 | Second Half | 693 | 693 |
| 2016 | First Half | 695 | 695 |
| 2016 | Second Half | 693 | 693 |
| 2017 | First Half | 695 | 695 |
| 2017 | Second Half | 693 | 693 |
| 2018 | First Half | 695 | 695 |
| 2018 | Second Half | 693 | 693 |
| 2019 | First Half | 695 | 695 |
| 2019 | Second Half | 693 | 693 |
| 2020 | First Half | 695 | 695 |
| 2020 | Second Half | 693 | 693 |
| 2021 | First Half | 695 | 695 |
| 2021 | Second Half | 693 | 693 |
| Total | | 93390 | 9330 |

മേൽ സ്ഥാപനം വസ്തു നികുതി 2015-16 സാമ്പത്തിക വർഷം മുതൽ നാളിതു വരെയും ഈടാക്കാത്തതിന്റെ കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/2020-21 Dtd 19.07.2022 ന് നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 235 (ബിഎ) പ്രകാരം സർക്കാറിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നകെട്ടിടങ്ങളും വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്ന് ഇളവ് നൽകപ്പെട്ടവയാണ്.

മേൽ പരാമർശിക്കപ്പെട്ട സ്ഥാപനം ഏത് ഗണത്തിലാണ് ഉൾപ്പെടുന്നത് എന്നത് പരിശോധിച്ച് നിയമ പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ലേലം -അടവാക്കിയ തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല.

നഗരസഭയിൽ ലേലം കൊണ്ട താഴെ കൊടുത്തിരിയ്ക്കുന്ന ഇനങ്ങളുടെ മുഴുവൻ ഡെപ്പോസിറ്റ് തുകയും നഗരസഭയിൽ അടവാക്കിയിട്ടില്ല. അടവാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലേലം കൊണ്ടയാളുടെ പേരും, ഇനവും | നിശ്ചയിച്ച ഡെപ്പോസിറ്റ് തുക | ഇളവ് നൽകിയ തുക | അടവാക്കാൻഅവശേഷിയ്ക്കുന്ന തുക |
|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ( സി എം എ സലാം) | 2,05,000 | 51249 | 153751 |
| 2 | ബസ് സ്റ്റാന്റ് ക്ലോക്ക് റൂം(സി എം എ സലാം) | 131000 | 32748 | 98252 |

| | | | | |
|---|---|---|---|---|
| 3 | ബസ് സ്റ്റാന്റ് ഫീസ് പിരിവ്(അഷ്റഫ് എം) | 262000 | 65499 | 196501 |

ലേല രജിസ്റ്റർ അപൂർണമായതിനാൽ നഗരസഭകളിൽ ഒടുക്ക വരുത്തിയ തുകകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനായില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 36/ 2020-21/ 23.07.2022 ന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികയുടെ വിശദാംശവും ആയത് ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര-വാങ്ങൽ നടപടികളിലെ അപാകതകൾ

പ്രൊജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര

നം : S0048/2021

അടങ്കൽ - 3,33,826 (എസ്.സി.പി)

BRN 20150847002100035183/12-04-2020 : 58,450

ചെലവ് BRN 20150847002100035184/12-04-2020 : 59,430

BRN 20150847002100615100/13-10-2020 : 1,91,952

3,09,832

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 98 വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്തതിന്റെ തുക മേൽ ബില്ലുകൾ പ്രകാരം ഇൻവൈറ്റ് ഇൻറീരിയേഴ്സ്, വേങ്ങരക്ക് നൽകിയിട്ടുണ്ട്. G.O (P) No.3/2013/SPD, Dated 21.06.2013 -ാംനമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതാണ്. എന്നാൽ പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കാതെയാണ് കരാറുകാരന് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത്.

കൂടാതെ, 2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി TDS (1% CGST + 1% SGST) ആയി കുറവ് ചെയ്യേണ്ടതാണ്. ആയതും ഈടാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 15/16-07-2022 ന് മറുപടി ലഭ്യമാക്കി.

## 1-19 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ കുറവായി ഈടാക്കി – നഷ്ടം 14338 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് PAC യുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും PAC യുടെ 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും പിഴ കുറവായി ഈടാക്കിയാണ് കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | ഈടാക്കിയ പിഴ | ഈടാക്കേണ്ട പിഴ | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | കക്കാട്ടുപാറ കാളിയാല റോഡ് റീടാറിംഗ് (SO74/21)<br>ഫണ്ട് - MG (R)<br>ബിൽ നം -2015084700310079414 6/2.12.20-52169<br>2015084700310048870 8/3.9.20-80000<br>സാങ്കേതികാനുമതി തുക -150000<br>PAC- 149899<br>അളവ് പുസ്തകം - 106/19-20<br>കരാറുകാരൻ - TM.മൊയ്തീൻ കുട്ടി<br>കരാർ- 93/12.9.18 | 12.9.18 | 31.3.19 വരെ | 21.3.20 | 3965 | 10160<br>1.4.19 മുതൽ 30.6.19 വരെ<br>1498.9<br>1.7.19 മുതൽ 30.9.19 വരെ<br>2998<br>1.10.19 മുതൽ 31.12.19 വരെ<br>2998<br>1.1.20 മുതൽ 20.3.20 വരെ<br>2998x80/90 = 2665 | 6195 |
| 2 | കുട്ടാർമട കുഴിക്കാട് റോഡ് റീടാറിംഗ് (SO41/21)<br>ഫണ്ട് - MG (R)<br>ബിൽ നം -2015084700310005298 4/12.4.20-197831<br>സാങ്കേതികാനുമതി തുക -200000<br>PAC- 199647<br>അളവ് പുസ്തകം - 52/19-20<br>കരാറുകാരൻ - സദാനന്ദൻ<br>കരാർ- 41/4.9.18 | 4.9.18 | 31.3.19 വരെ | 21.1.20 | 5935 | 10869<br>1.4.19 മുതൽ 30.6.19 വരെ<br>1996.4<br>1.7.19 മുതൽ 30.9.19 വരെ<br>3993<br>1.10.19 മുതൽ 31.12.19 വരെ<br>3993<br>1.1.20 മുതൽ 20.1.20 വരെ<br>3993x20/90 = 887 | 4934 |
| 3 | ആലിൻചുവട് മയിലാടി പാത്ത് വേ കോൺക്രീറ്റിംഗ് (SO220/21)<br>ഫണ്ട് - CFC<br>ബിൽ നം -2015084700310115965 6/26.2.21-28583<br>സാങ്കേതികാനുമതി തുക -30000<br>PAC-29707<br>അളവ് പുസ്തകം - 55/20-21<br>കരാറുകാരൻ - മുസ്തഫ<br>കരാർ- 22/31.8.18 | 31.8.18 | 31.3.19 വരെ | 1.2.21 | 857 | 4066<br>1.4.19 മുതൽ 30.6.19 വരെ<br>297<br>1.7.19 മുതൽ 30.9.19 വരെ<br>594<br>1.10.19 മുതൽ 31.12.19 വരെ<br>594<br>1.1.20 മുതൽ 31.3.20 വരെ<br>594<br>1.4.20 മുതൽ 30.6.20 വരെ | 3209 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 594<br>1.7.20 മുതൽ<br>30.9.20 വരെ<br>594<br>1.10.20 മുതൽ<br>31.12.20 വരെ<br>594<br>1.11.21 മുതൽ<br>31.1.21 വരെ<br>205(594x31/90) | |
| | ആകെ | | | | | | 14338 |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 / 14.7.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. പിഴ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

നഗരസഭയുടെ താഴെ പറയുന്ന സ്ഥാപനങ്ങൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

| സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|
| പി എച്ച്സി സബ്സെന്റർ കൊളമംഗലം | 12 |
| സിദ്ധ ഡിസ്പെൻസറി | 19 |

ദിനം പ്രതി നിരവധി രോഗികൾ ചികിത്സക്കായി എത്തുന്ന മേൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യത്തിന് ഇല്ല. 16.1.2020 ന നടന്ന ആരോഗ്യം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിൽ മേൽ സ്ഥാപനങ്ങൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമുയർന്നിരുന്നു. എന്നാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. 8.7.2022 ന് മേൽ സ്ഥാപനങ്ങളിൽ സ്ഥലപരിശോധന നടത്തിയിരുന്നു. മേൽ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ താഴെ പറയും പ്രകാരം പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്.

അടങ്കൽ – 3750490 രൂപ

ചെലവ്- 2993649 രൂപ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേർ | ചെലവ് തുക |
|---|---|---|
| 33/2020-21 | പച്ചക്കറി തൈ വിതരണം | 50,000 |
| 101/2020-21 | പച്ചക്കറി കൃഷി പ്രോത്സാഹനം | 53,040 |
| 161/2020-21 | സുഭിക്ഷ കേരളം തരിശുഭൂമി നെൽകൃഷി | 1,50,000 |
| 162/2020-21 | സുഭിക്ഷ കേരളം ഗ്രീൻ 33 സമഗ്ര പച്ചക്കറി കൃഷി | 4,38,894 |
| 32/2020-21 | ഫലവൃക്ഷകിറ്റ് വിതരണം | 7,79,600 |
| 1602020-21 | സുഭിക്ഷ കേരളം ഇടവിളക്കിറ്റ് | 4,95,000 |
| 159/2020-21 | സുഭിക്ഷ കേരളം നെൽകൃഷി പ്രോത്സാഹനം | 10,27,115 |
| | ആകെ | 29,93,649 |

പ്രോജക്ട് നിർവഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവത്തിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ് എന്ന് ജി.ഒ(എംഎസ്) 10/2017 തി. 9.1.17 മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രോജെക്ടുകളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നമ്പർ 4/13.7.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഹാജരാക്കിയതിൽ മോണിറ്ററിംഗ് സമിതി അംഗങ്ങളുടെ സ്ഥാനപ്പേരോ തിയതിയോ രേഖപ്പെടുത്തിയിട്ടില്ല. പ്രോജെക്ട് നിർവഹണത്തോടൊപ്പം മോണിറ്ററിംഗ് യഥാസമയം നടത്തി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല.

2020-21 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി പ്രോത്സാഹനം എന്ന പ്രോജെക്ടിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷി ചെയ്യുന്ന വിസ്തൃതിക്കനുസരിച്ച് കൂലിച്ചെലവ് സബ്സിഡി നൽകുകയാണ് ചെയ്യുന്നത്. ( ഒരു ഹെക്ടറിന് പരമാവധി 17000 രൂപയാണ് സബ്സിഡി നൽകുന്നത് )
പ്രൊജക്ടിന്റെ ചെലവ് വിവരം താഴെ നൽകുന്നു.

| പ്രോജെക്ട് നമ്പർ, പ്രോജെക്ടിന്റെ പേര്, അടങ്കൽ | ചെലവ് |
|---|---|
| 159/21<br>സുഭിക്ഷ കേരളം നെൽകൃഷി പ്രോത്സാഹനം<br>വികസന ഫണ്ട്<br>അടങ്കൽ- 974080<br>ചെലവ്- 971615 രൂപ | ബിൽ നമ്പർ 253/2020-21 തി. 12.1.2021<br>3,99,760രൂപ<br>ബിൽ നമ്പർ 254/2020-21തി.12.1.2021<br>4,00,240 രൂപ |

മേൽ പ്രോജെക്ടിന്റെ നിർവഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു,
1) ആനുകൂല്യം നൽകിയതിന്റെ വ്യക്തമായ രേഖകൾ ഫയലിൽ ഇല്ല.
കൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം, അനുവദനീയമായ തുക സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് എന്നിവ രേഖപ്പെടുത്താതെ ഏതാനും കർഷകർക്ക് പണം നൽകി.
2) പരിശോധനാ റിപ്പോർട്ടിൽ അനുവദിച്ചതിൽ അധികം തുക നൽകി.
ഏതാനും കർഷകർക്ക് കൃഷി ഓഫീസറുടെ പരിശോധനാറിപ്പോർട്ടിൽ അനുവദനീയമായതായി രേഖപ്പെടുത്തിയ തുകയിൽ കൂടുതൽ തുക അനുവദിച്ചു നൽകിയതായി കണ്ടെത്തി.

രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ചും സബ്സിഡി അധികം നൽകിയത് സംബന്ധിച്ചും നൽകിയ നമ്പർ 5/13.7.22, നമ്പർ 18/15.7.22 എന്നീ ഓഡിറ്റ് എൻക്വയറികൾക്ക് നൽകിയ മറുപടിയിൽ ഡിപ്പാർട്ട്മെന്റ് പദ്ധതിയുടെയും ജനകീയാസൂത്രണ പദ്ധതിയുടെയും അപേക്ഷകൾ മാറിപ്പോയതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.
ധനസഹായം നൽകുന്നത് സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി-സൈറ്റ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്

2020-21 വർഷത്തിൽ വളാഞ്ചേരി നഗരസഭയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 94 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 62,86,070 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അയ്യൻകാളി നഗര,തൊഴിലുറപ്പ് പദ്ധതി മാർഗരേഖ സ.ഉ (കൈ) 216/17 തസ്വഭവ തി.3.11.17 ഖ 7.5.6 പ്രകാരം പ്രവൃത്തിയുടെ സൈറ്റിൽ പ്രവൃത്തിയുടെ പേര് , എസ്റ്റിമേറ്റ്, റേറ്റ് പങ്കെടുക്കുന്നവരുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ സൈറ്റ് ബോർഡ് സ്ഥാപിക്കാനുള്ള പ്രൊവിഷൻ വയ്ക്കുകയും സൈറ്റ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടില്ല. തൊഴിലുറപ്പ് പദ്ധതി നടക്കുന്ന സൈറ്റുകളിൽ ബോർഡ് സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി-കിണർ റീചാർജ് പ്രവൃത്തികളുടെ സാധ്യത പരിശോധിക്കേണ്ടതാണ്

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ വാർഷിക കർമപദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തി വരുന്നുണ്ട്. സ.ഉ (കൈ)നം 161/16 /ത.സ്വ.ഭ.വ തി.9.11.2016 പ്രകാരം ജലസുരക്ഷ-സമ്പൂർണ കിണർ റീചാർജ് സംബന്ധിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളെ ശ്രദ്ധിയായി സംരക്ഷിക്കുകയാണ് ജലസുരക്ഷയുടെ ലക്ഷ്യം എന്നാൽ വളാഞ്ചേരി നഗരസഭയുടെ 2020-21 ഓഡിറ്റ് വർഷത്തിൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തിട്ടില്ല. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി

അനുഭവപ്പെടുന്ന സാഹചര്യത്തിൽ കിണർ റീചാർജ് പ്രവൃത്തികൾ ഏറെ പ്രസക്തമാണ്. മാത്രമല്ല നഗരസഭയുടെ ചെലവ് രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് വർഷങ്ങളിൽ വേനൽ രൂക്ഷമായ സമയത്ത് കുടിവെള്ളം വിതരണം ചെയ്യാൻ വലിയ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ 1655338 രൂപ തനത് ഫണ്ടിൽ നിന്നും കുടിവെള്ള വിതരണത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് കിണർ റീചാർജിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്. കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-25 പട്ടികജാതി സങ്കേതകങ്ങളിൽ LDR സ്ഥാപിക്കൽ – പദ്ധതി അപാകതൾ- 495366 രൂപ തടസ്സം ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

പ്രോജക്ക് – (SO224/21)

ഫണ്ട് - പ്ലാൻ ഫണ്ട് (SCP)

ബിൽ നം - -100/27.3.21- 495366

(ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ചാർജ്ജ് ഉൾപ്പെടെ)

സാങ്കേതികാനുമതി തുക -500000

അളവ് പുസ്തകം - 66/20-21

കരാറുകാരൻ - അബ്ദുൾ സലാം.A

കരാർ- 92/30.1.20

വളാഞ്ചേരി നഗരസഭയിലെ 33 വാർഡുകളിലായി 118 തെരുവ് വിളക്കുകൾ (25 W LDR Street Light) സ്ഥാപിക്കുന്നതിനാണ് മേൽ പദ്ധതി. പ്രവൃത്തി 15.3.21 ന് പൂർത്തിയായതനുസരിച്ച് കരാറുകാരന് മേൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണം കാണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടത് എന്ന് വ്യക്തമല്ല.

2. പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

3.പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന കേടുവന്ന തെരുവ് വിളക്കുകൾ കരാറുകാരൻ നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടില്ല. കേടുവന്ന തെരുവ് വിളക്കുകൾ നഗരസഭയിൽ തിരിച്ചേൽപിച്ച് Register Of Unserviceble Items എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതായിരുന്നു.

4. 25 W LDR സ്ട്രീറ്റ് ലൈറ്റിന്റെ വിലയായി ഒന്നിന് 3787 രൂപയും ഇത് പോസ്റ്റിൽ സ്ഥാപിക്കുന്നതിനുള്ള B Class GI Bent പൈപ്പിന് മീറ്ററിന് 274 രൂപയുമാണ് എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളത്.

അനുവദിച്ച തുക – 118 Nos X 3787 = 446866

118 M X 274 = 32332

Total = 479198 + 16168 (Remmuneraration For Electrical Wing,Malappuaram)

തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ എണ്ണം, ഇനം, തരം എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടറിലോ കരാറിലോ ഉൾപ്പെടുത്തിയിട്ടില്ല. വാറന്റി കാലയളവിൽ കരാറുകാരൻ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി സൗജന്യമായി നിർവഹിക്കേണ്ടതുണ്ട്.

6.തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ വാറന്റി കാലയളവിനുള്ളിൽ പ്രവർത്തന രഹിതമായിട്ടുണ്ടെങ്കിൽ ആയത് കരാറുകാരനെ കൊണ്ട് തന്നെ ശരിയാക്കുന്നതിന് കഴിയുന്നില്ല. പരാതിയുടെ സമയം, തിയ്യതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്.

7.KSEB യിൽ സൂപ്പർവിഷൻ ചാർജ്ജ് അടച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് KSEB യുടെ അനുവാദം ലഭ്യമാക്കേണ്ടതുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 24 / 16.7.22 (2020-21))

മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 495366 രൂപ തടസ്സം ചെയ്യുന്നു.

## 1-26 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ ചട്ടം 3,4 എന്നിവ പ്രകാരം പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് മുനിസിപ്പാലിറ്റി രൂപീകരിച്ച ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കഴിയാത്ത കാലയളവിനുള്ളിൽ മുനിസിപ്പാലിറ്റി യോഗം ചേർന്ന് മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാകുന്നതിന് സമയപരിധി എത്രയാണെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. എന്നാൽ വളാഞ്ചേരി നഗരസഭയിൽ പൊതു തെരഞ്ഞെടുപ്പിനുശേഷം 12/2020 ന് പുതിയ കൗൺസിൽ നിലവിൽ വന്നിട്ടുണ്ട്. എന്നാൽ പൗരാവകാശരേഖ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നമ്പർ 28/19.7.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല. പൗരാവകാശരേഖ പ്രസിദ്ധീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 പദ്ധതി രൂപീകരണം-നിർവഹണം-പൂർത്തീകരണം - മാർഗരേഖ പാലിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സ.ഉ(എംഎസ്) 17/2018 തസ്വഭവ തി. 2.2.18,സ.ഉ(എം.എസ്) 157/2019 തസ്വഭവ തി. 5.12.19 നമ്പർ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വളാഞ്ചേരി നഗരസഭയുടെ 2020-21 വർഷത്തെ വാർഷിക പദ്ധതി രൂപീകരണ രേഖകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 പ്രോജെക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല

| വർഷം | അംഗീകാരം ലഭിച്ച പ്രോജെക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജെക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രോജെക്ടുകളുടെ എണ്ണം | പൂർത്തിയായ പ്രോജെക്ടുകളുടെ ശതമാനം | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|---|---|---|
| 2020-21 | 312 | 225 | 87 | 72% | 175313681 | 73618079 |

2020-21 വർഷത്തിൽ 72% പ്രോജെക്ടുകൾ മാത്രമാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞത്. പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത് പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം നേടുന്നതിന് തടസ്സമുണ്ടാക്കുന്നു. അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2ഫണ്ട് ലാപ്സാകുന്നു.

പദ്ധതി നിർവഹണം യഥാസമയം നടക്കാത്തതിനാൽ നഗരസഭാ ഫണ്ട് നഷ്ടപ്പെടുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഫണ്ടിനം (ACR പ്രകാരം) | ലാപ്സായ തുക |
|---|---|---|
| 2020-21 | വികസനഫണ്ട് (ജനറൽ) | 998530 |
| | വികസനഫണ്ട് എസ് സി പി | 769368 |
| | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12037 |
| | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 2797363 |
| | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 4835510 |

പ്രോജെക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ഫണ്ട് നഷ്ടപ്പെടുന്ന പ്രവണത അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്.

3 വിദ്യാഭ്യാസ മേഖലയിൽ പ്രോജെക്ടുകൾ നടപ്പാക്കിയില്ല.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ മേഖലയിൽ 2020-21 വർഷത്തിൽ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അംഗീകാരം നേടിയ പ്രോജെക്ടുകളുടെ എണ്ണം | നിർവഹണം നടത്തിയ പ്രോജെക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2020-21 | 6 | 1 | 515494 | 10000 |

2020-21 വർഷങ്ങളിൽ വിദ്യഭ്യാസ മേഖലയിൽ കാര്യമായി പ്രോജെക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നഗരസഭയിൽ വിദ്യഭ്യാസ മേഖലയ്ക്ക് അർഹമായ പ്രാതിനിധ്യം നൽകി പൊതു വിദ്യഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മാർഗരേഖകൾ കണക്കിലെടുത്ത് പ്രോജെക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികൾ സംരക്ഷിക്കുന്നതിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ പദ്ധതി മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. നഗരസഭയുടെ പദ്ധതി പരിശോധിച്ചതിൽ മാർഗരേഖയിൽ നിർദേശിച്ചു പ്രകാരമുള്ള ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5 സദ്ഭരണ പദ്ധതി തയ്യാറാക്കിയിട്ടില്ല

സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സദ്ഭരണ നിർവഹണം സാധ്യമാകുന്നതിനും ഒരു സദ്ഭരണ നിർവഹണ പദ്ധതി തയ്യാറാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം ഇടപെടേണ്ട അടിയന്തിര പ്രശ്നങ്ങൾ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുള്ള ഒരു സംവിധാനമാണിത്. പൗരാവകാശരേഖ, വിവരാവകാശനിയമം, സേവനാവകാശ നിയമം എന്നിവ കോർത്തിണക്കിക്കൊണ്ട് ഓരോ വാർഡിലും പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ഒരു സംവിധാനം നഗരസഭ ആവിഷ്കരിച്ച നടപ്പാക്കിയിട്ടില്ല. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ പരാതികൾ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

6ദുരന്തനിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയില്ല.

സ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെംപ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി പ്രാദേശികമായി ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1 അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2 ജൈവ വൈവിദ്ധ്യ മാനോജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3 ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4 ദുരന്തനിവാരണ പദ്ധതി രൂപീകരണം , അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

2020-21 വർഷത്തിൽ ദുരന്തനിവാരണം സംബന്ധിച്ച് പ്രോജെക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

മാർഗരേഖ പ്രകാരം പദ്ധതി തയ്യാറാക്കുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല. 2020-21 വർഷത്തിൽ ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം , ദുരന്തനിവാരണം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല. ദുരന്ത നിവാരണം സംബന്ധിച്ച പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും 10.3.2020 ന് ദുരന്തനിവാരണ വികസന സെമിനാർ നടത്തുകയും ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തനിവാരണം വാർഷിക പദ്ധതിയുടെ ഭാഗമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7 പ്രോജെക്ടുകൾ മോണിറ്റർ ചെയ്യുന്നില്ല.

പ്രോജെക്ടുകളുടെ നിർവഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണോ നടക്കുന്നതെന്ന് വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പിക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. സ.ഉ(എംഎസ് )10/2017 തി. 9.1.2017 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും ഓരോ പ്രോജെക്ടുകളും പ്രത്യേകം മോണിറ്റർ ചെയ്യുകയും വേണം. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളൊന്നും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല. ആയത് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

8 സബ്സിഡി മാർഗരേഖ പാലിക്കേണ്ടതാണ്.

പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതി തയ്യാറാക്കൽ സബ്സിഡി ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖ സ.ഉ(കൈ) നം 22/2018 /തസ്വഭവ തീയതി, 14.2.2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖാ ലംഘനം സംബന്ധിച്ച് അപാകതകൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്. പ്രോജെക്ടുകൾ നിർവഹണം നടത്തുമ്പോൾ സബ്സിഡി മാർഗരേഖയും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9 വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ

2020-21 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യമായി യോഗം ചേർന്നിട്ടില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്ട്സ് കോ- ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടികളിൽ പങ്കെടുക്കുന്നവരുടെ പ്രാതിനിധ്യം കുറവാണ്. ആദ്യ പൊതുയോഗത്തിൽ ത്തന്നെ മുൻ വർഷ പദ്ധതികൾ വിലയിരുത്തുകയും നടപ്പു വർഷ പദ്ധതികളുടെ മുൻഗണനാക്രമം വിശദീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രോജെക്ട് നിർദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.മുൻ വർഷ പ്രോജെക്ട് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. കേവലം യോഗം ചേരുക എന്നതിനപ്പുറം വർക്കിംഗ് ഗ്രൂപ്പുകളിൽ കാര്യമായ ചർച്ചകൾ നടക്കുകയോ പ്രോജെക്ട് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ പങ്ക് വഹിക്കുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുകയും മിനുട്ട്സ് കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

10 സ്റ്റാന്റിംഗ് കമ്മിറ്റികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനിർവഹണം സുതാര്യമാക്കുന്നതിനാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. മോണിറ്ററിംഗ് കമ്മിറ്റി ചെയർമാൻമാരുമായും കൺവീനർമാരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് മോണിറ്ററിംഗ് സമിതികളെ പ്രവർത്തനക്ഷമമാക്കുകയും അങ്ങനെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുകയും ചെയ്യേണ്ടത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. എന്നാൽ നഗരസഭയിൽ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ വ്യക്തമായി. ന്യൂനതകൾ പരിഹരിച്ച് പ്രോജെക്ടുകൾ ഫലപ്രദമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

11വാർഡ് സഭാ മിനുട്ട്സ് പരിശോധനാവിവരം

വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ തയ്യാറാക്കുകയും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായം നൽകുകയും ചെയ്യുന്നത് വാർഡ് സഭകളാണ്. മൂന്നു മാസത്തിലൊരിക്കലെങ്കിലും വാർഡ് സഭകൾ യോഗം ചേരേണ്ടതാണ്. വാർഡ്സഭയുടെ ക്വാറം ആകെ വോട്ടർമാരുടെ എണ്ണത്തിന്റെ പത്ത് ശതമാനമാണ്. ക്വാറം തികയാതെ മാറ്റിവെച്ച യോഗം വീണ്ടും ചേരുമ്പോൾ ക്വറം 50 ആയിരിക്കും. വളാഞ്ചേരി നഗരസഭയിൽ ആകെ 33 വാർഡുകളാണ് നിലവിലുള്ളത്. നമ്പർ 32-ാം വാർഡിലെ മിനുട്ട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കോവിഡ് വ്യാപനം മൂലം തൻവർഷം വാർഡ് സഭകൾക്ക് യോഗം ചേരുന്നതിന് തടസ്സം ഉണ്ടായിട്ടുണ്ട്. ചില വാർഡുകളിൽ വാർഡ് സഭാ തീരുമാനങ്ങൾ രേഖപ്പെടുത്തുകയും കോ - ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ഉദാഹരണം വാർ 19. കുട്ടികളുടെ വാർഡ് സഭ, യുവജനങ്ങളുടെ വാർഡ് സഭ എന്നിവ വർഷത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്. വാർഡ് സഭകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

12 വിവിധ യോഗനടപടികൾ ശരിയായി രേഖപ്പെടുത്തുന്നില്ല.

2020-21 വർഷത്തേക്കുള്ള പദ്ധതി രൂപീകരണത്തിനായുള്ള വികസന സെമിനാർ 10.3.2020 നമാണ് ചേർന്നിട്ടുള്ളത്. 2020-21 വർഷത്തേക്കുള്ള വികസന സെമിനാറിൽ 85 പേർ പങ്കെടുത്തിട്ടുണ്ട്. 2020-21 വർഷത്തെ വികസന സെമിനാറിൽ കാര്യമായി ചർച്ചകൾ നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്താതെ ചില ആവശ്യങ്ങൾ ഉന്നയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മിനുട്സ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ഭിന്നശേഷി, വയോജനങ്ങൾക്കുള്ള പ്രത്യേക വാർഡ്സഭാ മിനുട്ട്സുകൾ ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്ലാൻ കോ-ഓർഡിനേറ്ററെ തെരഞ്ഞെടുത്തതിന്റെ വിവരങ്ങളും പദ്ധതി നിർവഹണത്തിൽ ആസൂത്രണ സമിതിയുടെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയ മിനുട്ട്സും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

13 പന്ത്രണ്ടിന പരിപാടി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി സംബന്ധിച്ച് സ ഉ (കൈ) നം 45 /2020/തസ്വഭവ തി. 6.3.20 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പന്ത്രണ്ടിന പരിപാടികൾ കാര്യമായി നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു. എന്നാൽ തുടർ വർഷങ്ങളിൽ മേൽ പരിപാടികൾ

നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ഓരോ പരിപാടിയും നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും പൂർണ്ണമായ ഏകോപനം സാധ്യമാക്കുകയും പരിപാടികൾ നഗരസഭയിൽ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

14 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയൊന്നും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ സെക്രട്ടറി, ഹെഡ്മാസ്റ്റർ, പ്രോജെക്ട് ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരൊന്നും പ്രോജെക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

15 ജീവനക്കാരുടെ കുറവ് പരിഹരിക്കേണ്ടതാണ്.

2020-21 വർഷത്തിൽ 10.11.2020 വരെയും സ്ഥിരം സെക്രട്ടറി ഉണ്ടായിരുന്നില്ല. കൂടാതെ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവും നഗരസഭാ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഇത് പദ്ധതി നിർവഹണത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവ് നികത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കോവിഡ് വ്യാപനവും നഗരസഭാ ഇലക്ഷൻ പോലുള്ള അടിയന്തിര സാഹചര്യങ്ങളും മേൽ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്.

വാർഷിക പദ്ധതികൾ ഇതു സംബന്ധിച്ച മാർഗരേഖ പാലിച്ച് തയ്യാറാക്കുകയും പ്രോജെക്ടുകൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

## 1-28 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - പദ്ധതി അപാകതകൾ

1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 316 ലെ 1 മുതൽ 4 വരെയുള്ള ഉപവകുപ്പുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ചുമതലകളെ കുറിച്ച് പ്രതിപാതിക്കുന്നത്. ഒന്നാം പട്ടിക പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിച്ച് പരിപാലിക്കുക എന്നത് നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. വളാഞ്ചേരി നഗരസഭയിലെ വിവിധ വാർഡുകളിലായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് താഴെ പറയുന്ന പദ്ധതികൾ. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

## 1-28-1 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ - SO217/21

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ നം - 2015084700310088873З/4.1.21- 14,68,551 (ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ചാർജ്ജ് ഉൾപ്പെടെ)

സാങ്കേതികാനുമതി തുക -15,00,000

അളവ് പുസ്തകം - 1/20-21

കരാറുകാരൻ - റഫീഖ്.PV

കരാർ- 91/30.1.20

വളാഞ്ചേരി നഗരസഭയിലെ 33 വാർഡുകളിലായി 587 തെരുവ് വിളക്കുകൾ (24/30 W LED Street Light) സ്ഥാപിക്കുന്നതിനാണ് മേൽ പദ്ധതി. പ്രവൃത്തി 15.10.20 ന് പൂർത്തിയായതനുസരിച്ച് കരാറുകാരന് മേൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പ്രവൃത്തിയുടെ ഫയലിനോടൊപ്പം വച്ച ലിസ്റ്റ് പ്രകാരം 33 വാർഡുകളിൽ 587 തെരുവ് വിളക്കുകളുടെ എണ്ണം കാണിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് ജില്ലാ തല ഇലക്ട്രിക്കൽ സാങ്കേതിക സമിതി അംഗങ്ങളായ അബൂബക്കർ.CK, Asst.Engineer (Rtd.), അലി കുന്നത്ത്, Asst.Exe.Engineer (Rtd.) എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

3. വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിൽ വെട്ടിത്തിരുത്തിൽ നടത്തിയിട്ടുണ്ട്. കരാറുകാരൻ സ്ഥാപിച്ചതായി കാണിച്ച തെരുവ് വിളക്കുകളുമായി തുല്യതപ്പെടുത്തുന്നതിന് വേണ്ടിയാണ് വെട്ടിത്തിരുത്തലുകൾ വരുത്തിയത് എന്ന് വ്യക്തമാണ്. വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രപ്രകാരം രേഖപ്പെടുത്തിയ തെരുവ് വിളക്കുകളുടെ എണ്ണത്തിൽ വെട്ടിതിരുത്തലുകൾ നടത്തി മാറ്റം വരുത്തിയവ താഴെ പറയുന്നു.

| വാർഡ് നം. | സാക്ഷ്യപത്രപ്രകാരം രേഖപ്പെടുത്തിയത് | വെട്ടിതിരുത്തി എഴുതിയത് |
|---|---|---|

| | | |
|---|---|---|
| 5 | 18 | 20 |
| 6 | 16 | 18 |
| 7 | 17 | 20 |
| 8 | 17 | 21 |
| 10 | 17 | 18 |
| 12 | 18 | 20 |
| 17 | 18 | 20 |
| 19 | 17 | 20 |

4.പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന കേടുവന്ന തെരുവ് വിളക്കുകൾ കരാറുകാരൻ നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടില്ല. കേടുവന്ന തെരുവ് വിളക്കുകൾ നഗരസഭയിൽ തിരിച്ചേൽപിച്ച് Register Of Unserviceble Items എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതായിരുന്നു. ആയത് ചെയ്യുന്നതിന് പകരം ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി അംഗങ്ങളുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന്റെ ബില്ലിൽ നിന്നും കേടുവന്ന തെരുവ് വിളക്കുകളുടെ വിലയായി 500 രൂപ കുറക്കുകയാണ് ചെയ്തത്. ഇത് ക്രമപ്രകാരമല്ല. 587 കേടുവന്ന തെരുവ് വിളക്കുകളുടെയും അത് പോസ്റ്റിൽ ഉറപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന GI Bent പൈപ്പിന്റെയും വിലയായി 500 രൂപ മാത്രം മൂല്യമായി നിർണ്ണയിച്ചതിന്റെ ആധികാരകത വ്യക്തമല്ല. സ.ഉ.(സാ.ധാ)നം.3033/2014/ത.സ്വ.ഭ.വ തി.21.11.2014, സ.ഉ.(സാ.ധാ)നം.2878/2015 /ത.സ്വ.ഭ.വ തി.22.9.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും മാത്രമാണ് ജില്ലാ തല ഇലക്ട്രിക്കൽ സമിതിക്ക് അനുവാദം നൽകിയിട്ടുള്ളത്. നഗരസഭയിൽ ലേലം ചെയ്യേണ്ട ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തേണ്ടത് LSGD അസി.എഞ്ചിനീയറാണ്.

5. 24/30 W LED സ്ട്രീറ്റ് ലൈറ്റിന്റെ വിലയായി ഒന്നിന് 2138 രൂപയും ഇത് പോസ്റ്റിൽ സ്ഥാപിക്കുന്നതിനുള്ള B Class GI Bent പൈപ്പിന് മീറ്ററിന് 312 രൂപയുമാണ് എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളത്. ഒരു സ്ട്രീറ്റ് ലൈറ്റിന് ഒരു മീറ്റർ GI Bent പൈപ്പ് എന്ന കണക്കിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ അളവ് പുസ്തകത്തിൽ 587 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് 500 മീറ്റർ B Class GI Bent പൈപ്പ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അനുവദിച്ച തുക – 587 Nos X 2138 = 1255006

500 M X 312 = 156000

Total = 1411006 + 57545 (Remmuneraration For Electrical Wing,Malappuaram)

അതുകൊണ്ട് തന്നെ 87 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ നിജസ്ഥിതി വ്യക്തമല്ല.

6. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ എണ്ണം, ഇനം,തരം എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

7.സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടറിലോ കരാറിലോ ഉൾപ്പെടുത്തിയിട്ടില്ല. വാറന്റി കാലയളവിൽ കരാറുകാരൻ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി സൗജന്യമായി നിർവഹിക്കേണ്ടതുണ്ട്.

8.തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ വാറന്റി കാലയളവിനുള്ളിൽ പ്രവർത്തന രഹിതമായിട്ടുണ്ടെങ്കിൽ ആയത് കരാറുകാരനെ കൊണ്ട് തന്നെ ശരിയാക്കുന്നതിന് കഴിയുന്നില്ല. പരാതിയുടെ സമയം,തിയ്യതി,പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്.

9.വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രപ്രകാരം 580 തെരുവ് വിളക്കുകളാണ് സ്ഥാപിച്ചതായി പറയുന്നത്. 7 എണ്ണം സ്ഥാപിച്ചതിന്റെ വിവരം ഇല്ല.

| വാർഡ് നം | എണ്ണം | വാർഡ് നം | എണ്ണം |
|---|---|---|---|
| 1 | 20 | 20 | 11 |
| 2 | 20 | 21 | 20 |
| 3 | 13 | 22 | 17 |
| 5 | 20 | 23 | 16 |
| 6 | 18 | 24 | 17 |

| | | | |
|---|---|---|---|
| 7 | 20 | 25 | 20 |
| 8 | 21 | 26 | 8 |
| 9 | 22 | 27 | 22 |
| 10 | 18 | 28 | 20 |
| 11 | 16 | 29 | 17 |
| 12 | 20 | 30 | 13 |
| 13 | 20 | 31 | 11 |
| 14 | 16 | 32 | 17 |
| 15 | 17 | 33 | 19 |
| 16 | 21 | Total | 580 |
| 17 | 26 | | |
| 18 | 24 | | |
| 19 | 20 | | |

10. ഇലക്ട്രിക്കൽ പ്രോജക്റ്റുകളുടെ ചുമതലയുള്ള പൊതുമരാമത്ത്, ഊർജ്ജം വർക്കിംഗ് ഗ്രൂപ്പുകളുടെയും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം കാര്യക്ഷമമല്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 15/14.7.22 (2020-21)) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 14,68,551 രൂപ തടസ്സം ചെയ്യുന്നു.

## 1-28-2 ആലിൻചുവട് വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

പ്രോജക്റ്റ് - (SO248/21)

ഫണ്ട് - തനത് ഫണ്ട്

ചെക്ക് -XY-1973602/26.2.21- 49888

(ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ചാർജ്ജ് ഉൾപ്പെടെ)

സാങ്കേതികാനുമതി തുക -50000

അളവ് പുസ്തകം - 15/20-21

കരാറുകാരൻ - അബ്ദുൾ റഷീദ്. KP

കരാർ- 92/30.1.20

വളാഞ്ചേരി നഗരസഭയിലെ ആലിൻചുവട് ഭാഗങ്ങളിൽ 15 തെരുവ് വിളക്കുകൾ (25 W LED Street Light) സ്ഥാപിക്കുന്നതിനാണ് മേൽ പദ്ധതി. പ്രവൃത്തി 10.11.21 ന് പൂർത്തിയായതനുസരിച്ച് കരാറുകാരന് മേൽ ചെക്ക് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ആലിൻചുവട് ഭാഗങ്ങളിൽ 15 തെരുവ് വിളക്കുകൾ (25 W LED Street Light) സ്ഥാപിക്കുന്നതിനാണ് പദ്ധതി.

ഇതനുസരിച്ച് 65660201109102067/9.11.20 രസീതി പ്രകാരം KSEB വളാഞ്ചേരിയിൽ സൂപ്പർവിഷൻ ചാർജ്ജ് 373 രൂപ അടച്ചിട്ടുണ്ട്. (KSEB യുടെ എസ്റ്റിമേറ്റ് പ്രകാരം).

( തങ്ങൾപടി-ബ്രാഞ്ച് മദ്രസ്സ റോഡ് (3 എണ്ണം), ഒ.പി ജങ്ഷൻ-അലവി ഹാജിപ്പടി റോഡ് (2 എണ്ണം), വളാഞ്ചേരി തിരുവേഗപ്പറ റോഡ്
(3 എണ്ണം), മാടത്ത്യാർകുന്ന് ഭാഗം തിത്തുട്ടി വീട് (2എണ്ണം), കൊട്ടാരം വെണ്ടല്ലൂർ റോഡ് (2എണ്ണം), കാട്ടുബാവ റോഡ് (1എണ്ണം), സിൽവർ ജൂബിലി സ്മാരക റോഡ് (1എണ്ണം), ആലിൻചുവട് നിരപ്പ് റോഡ് (1എണ്ണം)

എന്നാൽ 17 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ തുക അളവ് പുസ്തകപ്രകാരം കരാറുകാരന് അനുവദിച്ചിട്ടുണ്ട്. (17x2276.17 = 38694). 5 W LDR സ്ട്രീറ്റ് ലൈറ്റിന്റെ വിലയായി ഒന്നിന് 2276.17 രൂപയും ഇത് പോസ്റ്റിൽ സ്ഥാപിക്കുന്നതിനുള്ള B Class GI Bent പൈപ്പിന് മീറ്ററിന് 308.033 രൂപയുമാണ് എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളത്. പൈപ്പ് 14 മീറ്ററാണ് ഉപയോഗിച്ചതായി കാണിച്ചിട്ടുള്ളത്. പ്രവൃത്തി ഏതൊക്കെ സ്ഥലങ്ങളിലാണ് പൂർത്തീകരിച്ചത് എന്ന് അളവ് പുസ്തകത്തിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി ചെയ്തത് 49,888 ( 43,006 + 6882 (Remuneration)

2. പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച വാർഡ് കൗൺസിലർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന കേടുവന്ന തെരുവ് വിളക്കുകൾ കരാറുകാരൻ നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടില്ല. കേടുവന്ന തെരുവ് വിളക്കുകൾ നഗരസഭയിൽ തിരിച്ചേൽപിച്ച് Register Of Unserviceble Items എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതായിരുന്നു.

4. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ എണ്ണം, ഇനം, തരം എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടറിലോ കരാറിലോ ഉൾപ്പെടുത്തിയിട്ടില്ല. വാറന്റി കാലയളവിൽ കരാറുകാരൻ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി സൗജന്യമായി നിർവഹിക്കേണ്ടതുണ്ട്.

6.തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതുകൊണ്ട് തന്നെ സ്ഥാപിച്ച തെരുവ് വിളക്കുകൾ വാറന്റി കാലയളവിനുള്ളിൽ പ്രവർത്തനരഹിതമായിട്ടുണ്ടെങ്കിൽ ആയത് കരാറുകാരനെ കൊണ്ട് തന്നെ ശരിയാക്കുന്നതിന് കഴിയുന്നില്ല. പരാതിയുടെ സമയം, തിയ്യതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 25 / 16.7.22 (2020-21)) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 49,888 രൂപ തടസ്സം ചെയ്യുന്നു.

## 1-29 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 37634 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് PACയുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും PACയുടെ 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | മിനി വ്യവസായ കേന്ദ്രം അടിസ്ഥാന | 5.3.19 | 31.3.19 വരെ | 10.6.20 | 37634<br>1.4.19 മുതൽ |

| | | | | | |
|---|---|---|---|---|---|
| | സൗകര്യം ഒരുക്കൽ (SO89/21)<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് നം -<br>XY 1642189/18.4.20-371585<br>XY 1973640/31.3.21-66157<br>സാങ്കേതികാനുമതി തുക -500000<br>PAC- 439884<br>അളവ് പുസ്തകം - 8/19-20<br>കരാറുകാരൻ - മസൂദ്.K<br>കരാർ- 92/30.1.20 | | | | 30.6.19 വരെ<br>4398.8<br>1.7.19 മുതൽ 30.9.19 വരെ<br>8797.6<br>1.10.19 മുതൽ 31.12.19 വരെ<br>8797.6<br>1.1.20 മുതൽ 31.3.20 വരെ<br>8797.6<br>1.4.20 മുതൽ 9.6.20 വരെ<br>8797.6x70/90 = 6842.5 |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 10 / 14.7.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. പിഴ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 മിനി വ്യവസായ കേന്ദ്രം അടിസ്ഥാന സൗകര്യം ഒരുക്കൽ - ആദായ നികുതി കുറവായി ഈടാക്കി

പ്രോജക്റ്റ് - (SO330/21)

ബിൽ -129/31.3.21 – 877859 (783802.53+94056.31)

മൂല്യനിർണ്ണയം - 877859 (Part Bill)

കരാർ 125/9.3.2020

അളവ് പുസ്തകം 148/19-20

കരാറുകാരൻ-പ്രവാസി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, മലപ്പുറം ജില്ല.

കോസ്റ്റ് ഇൻഡക്സ് 31.06%

TS No-100467/19-20

Est.No-2019/129756

TS-1500000

ഫണ്ട് - CFC ഗ്രാന്റ്

പ്രവൃത്തിയുടെ പാർട്ട് ബില്ല് അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും 2% ആദായ നികുതി (1961 ആദായ നികുതി നിയമം സെക്ഷൻ 194 C) കുറവ് ചെയ്യുന്നതിന് പകരം 1% ആണ് കുറവ് ചെയ്തിട്ടുള്ളത്. ബില്ലിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| Part Bill | 877859 (783802.53+94056.31 12% GST) |
| Deductions | |

| | |
|---|---|
| IT (1%) | 7838 |
| KCWWF (1%) | 7838 |
| SGST (1%) | 7838 |
| CGST (1%) | 7838 |

6.5.2021 ന് പ്രവൃത്തി 1315976 രൂപ മൂല്യനിർണ്ണയത്തിൽ പൂർത്തിയായതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിത് വരെ പ്രവൃത്തിയുടെ ഫൈനൽ പേമെന്റ് അനുവദിച്ചില്ല. ആദായ നികുതി കുറവായി ഈടാക്കിയതിനും പ്രവൃത്തിയുടെ ഫൈനൽ പേമെന്റ് അനുവദിക്കാത്തതിനും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 31 /20.7.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയുടെ ഫൈനൽ പേമെന്റ് അനുവദിക്കുന്ന മുറക്ക് കുറവായി ഈടാക്കിയ 1% ആദായ നികുതി ഉൾപ്പെടെ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിന്റെ 2% ആദായ നികുതി ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S001/2021

അടങ്കൽ - 19,78,330 (വികസന ഫണ്ട് )

BRN. 201508470021013688894/26-03-2021 : 14,40,000

BRN. 2015084700210144 0696/30-03-2021 : 5,38,330

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 19,78,330 രൂപ എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 17/2018/തസ്വഭവ തി. 02-02-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 19,78,330 രൂപ കൈപ്പറ്റിയതിന്റെ രശീതി, നഗരസഭാ പരിധിയിൽപ്പെട്ട ഓരോ സ്കൂളുകളിലും എന്തെല്ലാം ചെലവാണ് പ്രസ്തുത ഉക ഉപയോഗിച്ച് നടത്തിയത് എന്നതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയില്ല. പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 11/19-20/16-07-2022ന് മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 19,78,330/- രൂപ തടസ്സം ചെയ്യുന്നു.

## 1-32 കാരാട് മൊട്ടപ്പുറം മിനി കുടിവെള്ള പദ്ധതി - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമ വിരുദ്ധം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് - SO317/21

ഫണ്ട് - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ബിൽ - 112/4.3.21 - 1,33,396

സാങ്കേതികാനുമതി തുക -150000 (നമ്പർ-74834/20-21)

അളവ് പുസ്തകം - 68/20-21, 69/20-21,

കരാറുകാരൻ - ആഷിഖ് റഹ്മാൻ

കരാർ- 54/27.10.20

Esti. No- 2020/11860

മേൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ ടാങ്ക് , പമ്പ് ഹൗസ്, നിലവിലുള്ള കുഴൽ കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിന് മോട്ടോർ പമ്പ് സെറ്റ് , PVC ടാപ്പ് എന്നിവ സ്ഥാപിക്കുന്നതിനും KSEB യിൽ നിന്നും സർവീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള CD/OYEC ചാർജ്ജ് അടക്കുന്നതിനുള്ള തുക എന്നിവ ഉൾപ്പെടെയാണ്

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിക്ക് വേണ്ടി ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,50,000 രൂപ വകയിരുത്തി അംഗീകാരം വാങ്ങി.

വാട്ടർ ടാങ്ക് , പമ്പ് ഹൗസ്, മോട്ടോർ പമ്പ് സെറ്റ് , PVC ടാപ്പ് എന്നിവ സ്ഥാപിച്ച് 1,33,396 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായ ഈ പദ്ധതിക്ക് 3071 രൂപ തനത് ഫണ്ടിൽ (ചെക്ക് നം. 101095/4.8.21) നിന്നും പിൻവലിച്ച് KSEB യിൽ നിന്നും സർവീസ് കണക്ഷൻ ലഭ്യമാക്കുന്നതിന് CD/OYEC ചാർജ്ജ് അടച്ചിട്ടുണ്ട്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,50,000 രൂപ വകയിരുത്തിയ ഈ പ്രവൃത്തിക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 13 / 14.7.22 (2020-21) മുഖേനെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് പ്രവൃത്തികൾ - പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 30,577 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് PAC യുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും PAC യുടെ 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

(അളവ് പുസ്തകത്തിൽ അവസാനം അളവ് എടുത്തതായി കാണിച്ച തിയതിയാണ് പ്രവൃത്തി പൂർത്തീകരിച്ച ദിവസമായി കണക്കാക്കുക)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | പട്ടികജാതി സങ്കേതങ്ങളിൽ LDR സ്ഥാപിക്കൽ (SO224/21)<br>ഫണ്ട് - പ്ലാൻ ഫണ്ട് (SCP)<br>ബിൽ നം - -100/27.3.21-495366 (ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ചാർജ്ജ് ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -500000<br>PAC- 476198<br>അളവ് പുസ്തകം - 66/20-21<br>കരാറുകാരൻ - അബ്ദുൾ സലാം.A<br>കരാർ- 92/30.1.20 | 30.1.20 | 30.7.20 വരെ | 15.3.21 | 18819<br>1.8.20 മുതൽ 30.10.20 വരെ<br>4761.9<br>1.11.20 മുതൽ 31-1-21 വരെ<br>9584<br>1.2.21 മുതൽ 14.3.21 വരെ<br>9584x42/90 = 4473 |
| 2 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SO217/21) | 30.1.20 | 30.7.20 വരെ | 15.10.20 | 11758 |

| | | | | | |
|---|---|---|---|---|---|
| | ഫണ്ട് - MG(NR)<br>ബിൽ നം - 20150847003100888733/4.1.21-1468551 (ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്കുള്ള റെമ്യൂണറേഷൻ ചാർജ്ജ് ഉൾപ്പെടെ)<br>സാങ്കേതികാനുമതി തുക -150000<br>PAC-1411006<br>അളവ് പുസ്തകം - 1/20-21<br>കരാറുകാരൻ - റഫീഖ്.PV<br>കരാർ- 91/30.1.20 | | | | 1.8.20 മുതൽ 4.10.20 വരെ (14110x75/90) |
| | ആകെ | | | | 30577 |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 / 14.7.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. പിഴ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-34 ചെലവ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ച താഴെ പറയുന്ന തുകകളുടെ ചെലവിനധാരമായ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ/വൗച്ചർ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 74/06-05-2020 | ശ്രീമതി ശ്രീജ സി.സി, സീനി.ക്ലർക്കിന്റെ ഫെസ്റ്റിവൽ അഡ്വാൻസ് | 3000 | കൊയിലാണ്ടി നഗരസഭയിൽ നിന്നുള്ള രശീതി |
| 2 | 659/31-12-2020 | മുനിസിപ്പൽ ഓഫീസിന്റെ ഫയർ NOCക്ക് നൽകിയ തുക | 85,465 | ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ, തിരൂരിൽ നിന്നുള്ള രശീതി |
| 3 | 761/11-02-2021 | ശ്രീ. ജമാലുദ്ദീൻ പി.പി ക്ക് വാഹന വാടക ഇനത്തിൽ നൽകിയ തുക | 86,700 | വാഹനം ഓടിയതിന്റെ വിവരങ്ങൾ |
| | | ആകെ | 1,75,165 | |

ഓഡിറ്റ് എൻക്വയറി നം.22/20-21/16-07-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 1,75,165/- രൂപ തടസ്സം ചെയ്യുന്നു.

## 1-35 മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച പണം ഓഡിറ്റ് അന്വേഷണത്തിന് നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| പ്രവൃത്തി | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|
| ചോലക്കാട് റോഡ് സൈഡ് പ്രൊട്ടക്ഷൻ( 314/21) | 11 /14.7.22<br>(പിഴ ഈടാക്കാത്തത് സംബന്ധിച്ച്) | 3746 | 01/122110103530 /8.7.22 |

## 1-36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉപയോഗപ്പെടുത്തുന്നില്ല.

വളാഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള 1.74 ഏക്കർ ഭൂമിയിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ മത്സ്യ മൊത്ത വിതരണ കേന്ദ്രത്തിനായി 8,18,418/- രൂപ ചെലവിൽ 2018-19 വർഷത്തിൽ ഒരു ഷെഡ് നിർമ്മിച്ചിട്ടുണ്ട്. (പ്രൊജക്ട് 262/19). 11,96,093/-രൂപ ചെലവിൽ ഈ സ്ഥലത്തിന് ചുറ്റു മതിലും 2018-19 വർഷത്തിൽ നിർമ്മിച്ചിട്ടുണ്ട് ( പ്രൊജക്ട് 227/19). സ്ഥലം ഓവർസിയറുടെ സാന്നിധ്യത്തിൽ 21.7.2022 ന് നേരിൽ സന്ദർശിച്ചു. മത്സ്യമൊത്ത വിതരണ കേന്ദ്രത്തിനായി വൻ തുക ചെലവഴിച്ച് ഷെഡ് പണി കഴിപ്പിച്ച ഈ കെട്ടിടത്തിൽ നാളിത് വരെ മത്സ്യ മൊത്ത വിതരണ കേന്ദ്രവുമായി ബന്ധപ്പെട്ട് യാതൊരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. 2019-20, 2020-21 വർഷങ്ങളിലായി പ്രദേശത്തേക്ക് റോഡ് നിർമ്മിക്കുന്നതിനും, ഗേറ്റ് സ്ഥാപിക്കുന്നതിനും മലിന ജലം ശേഖരിക്കുന്നതിന് സോക്ക് പിറ്റ് തയ്യാറാക്കുന്നതിനുമായി പ്രൊജക്ടുകൾ (പ്രോജക്റ്റ് SO089/20, SO330/21) തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ MCF ന് വേണ്ടി നിലവിലുള്ള കെട്ടിടത്തിനോടനുബന്ധിച്ച് കെട്ടിടം പണിയുന്നതിന് 2021-22 ൽ പ്രോജക്റ്റ് വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി എവിടെയും എത്തിയിട്ടില്ല. പ്രവൃത്തി പാതി വഴിയിലാണ്. നിലവിൽ നഗരസഭയിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് വേണ്ടി 100 M2 ന് താഴെയുള്ള ഒരു MCF, 4 മിനി MCFകളുമാണ് ഉള്ളത്. ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അവർക്ക് കൂടുതൽ സ്ഥലസൗകര്യങ്ങൾ അനുവദിക്കേണ്ടതുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഇതിന് വേണ്ടി തയ്യാറാക്കികൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണി എത്രയും വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ടതും MCF ഇങ്ങോട്ട് മാറ്റുന്നതിനുള്ള നടപടികൾ നഗരസഭ ത്വരിതപ്പെടുത്തേണ്ടതുമാണ്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിഷ്ക്രിയ ആസ്തി ആയി മാറുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 റോഡ് കണക്റ്റിവിറ്റി മാപ്പ്- പ്ലാൻ, മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കേണ്ടതുണ്ട്. റോഡ് കണക്റ്റിവിറ്റി മാപ്പ്- പ്ലാൻ, മെയിന്റനൻസ് പ്ലാൻ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 16 / 14.7.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. അതുകൊണ്ട് തന്നെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. തൻവർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് ഇക്കാരണത്താൽ വ്യക്തമല്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-38 കാട്ടിപ്പരുത്തി ആൽത്തടം വട്ടക്കിണർ തോട് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി- കരാറുകാരന് അധികം നൽകിയത് 1904 രൂപ.

ചുവടെ കാണിച്ച പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭക്ക് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കാട്ടിപ്പരുത്തി ആൽത്തടം | എർത് വർക് എസ്കവേഷൻ | 1162.02 | 1108.93 | 53 |

| | | | | |
|---|---|---|---|---|
| വട്ടക്കിണർ തോട് സൈഡ് കെട്ടൽ ( 72/21)<br>ബിൽ JN-2975096/22.4.20 തുക 49221<br>മൂല്യനിർണ്ണയം - 49221<br>അളവ് പുസ്തകം 100/19-20<br>കരാറുകാരൻ ശ്രീ. TM.മൊയ്തീൻ കുട്ടി<br>കരാർ. 72/19.12.2019 (Estimate Rate)<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>ഫണ്ട് - തനത് ഫണ്ട് – 50000<br>Esti – 2019/31268<br>TS – 53738/19-20 | $5.085m^3$ | @$228.52/m^3$ | @$218.08/m^3$ DSR കോഡ് 2.8.1 പ്രകാരം നൽകാവുന്ന നിരക്ക് | |
| | ഡ്രൈറബ്ൾ മേസനറി<br>$15.078m^3$ | 39511.45<br>@$2620.47/m^3$ | 37927.65<br>@$2515.43/m^3$ ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് | 1584 |
| | സിമന്റ് കോൺക്രീറ്റ്<br>1:2:4<br>$0.423m^3$ | 3317.20<br>@$7842.08/m^3$ | 3039.10<br>@$7184.64/m^3$ DSR കോഡ് 4.1.3 പ്രകാരം നൽകാവുന്ന നിരക്ക് | 278 |
| | സെന്ററിങ്<br>1*11.30*0.75=<br>$0.847m^2$ | | 5132<br>@$254.19/m^3$ DSR കോഡ് 4.3.1 പ്രകാരം നൽകാവുന്ന നിരക്ക് | -215 |
| ആകെ | | 463266 | 448607 | 1700 |
| 12% GST തുക അടക്കം | | | | 1904 |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 1904 രൂപ. അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 14 / 14.7.22) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-39 കാളിയാല റോഡ് കുഴൽകിണർ നിർമ്മാണം - തുടർ വിവരങ്ങൾ ലഭ്യമല്ല

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രവൃത്തിക്ക് വേണ്ടി തൻവർഷം 31,510 രൂപ ചെലവഴിച്ചിട്ടുണ്ട്. മഷൂദ് .K എന്ന കരാറുകാരൻ വഴിയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

| പ്രോജക്റ്റ് നമ്പർ | പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|
| SO223/21<br>തനത് ഫണ്ട് | കാളിയാല റോഡ് കുഴൽകിണർ നിർമ്മാണം | 31510(ചെക്ക് -JN 2975248/1.2.21) |

മേൽ കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഇതിൽ നിന്നും വെള്ളം ലഭിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ ഇല്ല. പദ്ധതിയിൽ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് ഫണ്ട് വകയിരുത്താത്തതിനാൽ പ്രവൃത്തികൾ ഉദ്ദേശലക്ഷ്യത്തിലെത്തുന്നില്ല. സർവ്വെ ചാർജ്, കുഴൽ കിണർ കുഴിക്കൽ, PVC പൈപ്പ് എന്നിവക്ക് മാത്രമാണ് പ്രോജക്ടിൽ തുക വകയിരുത്തുന്നത്. മോട്ടോർ, പൈപ്പ്, വയർ മറ്റ് അനുബന്ധ സാമഗ്രികൾക്ക് തുക വകയിരുത്താത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കി തൻവർഷം ഗുണഭോക്താക്കൾക്ക് വെള്ളമെത്തിക്കാൻ കഴിയുന്നില്ല. ഈ പ്രവൃത്തിയിൽ നിന്നും വെള്ളം ലഭ്യമായിട്ടുണ്ടെങ്കിൽ തുടർപ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കി

ഗുണഭോക്താക്കൾക്ക് വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യം ചെയ്ത് കൊടുത്തിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17 / 14.7.22 (2020-21)മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-40 ഇ-ടെണ്ടർ - ടെണ്ടർ ഫീ നഗരസഭ ഫണ്ടിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 വർഷത്തിൽ വളാഞ്ചേരി നഗരസഭയിൽ ഏതാനം പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നഗരസഭ ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക പോകുന്നത്. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട് (ത.സ്വ.സ്ഥാപനങ്ങളിലെ അസി.എഞ്ചിനീയർമാരുടെ പേരിൽ). മേൽ നിർദേശം പാലിക്കുകയും ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുക കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.(AUDIT ENQUIRY No. 26 / 16.7.22 (2020-21) .

തൻവർഷത്തിൽ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികൾ

| പ്രോജക്റ്റ് നം. | സാങ്കേതിക അനുമതി തുക |
|---|---|
| 293/21 | 500000 |
| 224/21 | 500000 |
| 342/21 | 543157 |

ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-41 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം

2020-21 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 216 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 158 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 26 ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 216 | ആകെ അടങ്കൽ | 39356036 |
| നടപ്പിലാക്കിയത് | 158 | ചെലവ് | 27810415 |
| ശതമാനം | 73.14 | ചെലവ് ശതമാനം | 70.66 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 124 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 21 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ നഗരസഭക്കായിട്ടില്ല.

പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി

2020-21 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 15 തവണയാണ്. (2019-20 വർഷത്തിൽ രണ്ട് തവണയും 2020-21 വർഷത്തിൽ 13 തവണയും യോഗം പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചേർന്നു). പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പ്രൊജക്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല.

2020-21 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് യോഗം ഒരു തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. 16.1.20ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 4 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. മിനുട്സിൽ യാതൊരു നിർദേശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം

സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ, ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്.

ടെണ്ടർ നടപടികൾ സുതാര്യമല്ല .

2020-21 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം ടാറിങ് പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ ലഭ്യമായത് കുറവായതിനാൽ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും മിക്കതിലും പിന്നീട് ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്.

രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്ത എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2020-21 വർഷത്തിൽ ആകെ ഇരുപതിലധികം കരാറുകാർ നഗരസഭയുടെ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് നഗരസഭക്ക് ലഭിച്ചിട്ടുള്ളത്.

## 1-42 പി.എം.എ.വൈ ഭവന പദ്ധതി-അപാകതകൾ

പി.എം.എ.വൈ ഭവന പദ്ധതി- അപൂർണ്ണമായി വിവരം ചേർത്ത രജിസ്റ്ററിൽ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയതായും തൻമൂലം അധികം തുക നൽകിയതായും കാണുന്നു. വിശദ വിവരം പട്ടികയിൽ നൽകുന്നു.

നിർവ്വഹണം: പ്രൊജക്ട് ഓഫീസർ

| ക്ര.നം. | പേര്,വിലാസം | നൽകിയ തുകയുടെ വിവരം | | റിമാർക്സ് |
|---|---|---|---|---|
| | | ബൽ നം/ തി. | തുക | |
| 1 | ID2-ശ്രീ.അബ്ദുൽ ഖാദർ, S/o പരീത്, കണ്ടനാടൻ, കാട്ടിപ്പരുത്തി | ലഭ്യമല്ല | 30,000 | ബാങ്ക് അക്കൗണ്ട്: KLGB004254/ 40254101008939 ---------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | ലഭ്യമല്ല | 1,20,000 | |
| | | 163/14.7.20 | 75,000 | |
| | | 165/12.8.20 | 1,60,000 | |
| | | 175/11.02.21 | 40,000 | |
| | | ആകെ | 4,25,000 | |
| 2 | ID10-ശ്രീ.അമാനത്ത് അലി, C/o ഇജാസ് അലി, ചാട്ടുമുക്കിൽ, താണിയപ്പൻ കുന്ന്, | ലഭ്യമല്ല | 30,000 | ബാങ്ക് അക്കൗണ്ട്: CNRB0000859/ 0859101058864 --------- 5,000 (ഗുണഭോക്തൃ വിഹിതം) |
| | | 1051/26.11.18 | 1,00,000 | |
| | | 156/26.02.20 | 1,25,000 | |
| | | ലഭ്യമല്ല | 1,50,000 | |
| | | ആകെ | 4,05,000 | |
| 3 | ID17-ശ്രീമതി.ആസിയ, C/oഹംസ,കല്ലൻ, കഞ്ഞിപ്പര | ലഭ്യമല്ല | 30,000 | ബാങ്ക് അക്കൗണ്ട്: SBIN0070637/ 67252896760 -------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | ലഭ്യമല്ല | 1,20,000 | |
| | | 121/25.7.18 | 1,00,000 | |
| | | 162/02.7.20 | 1,75,000 | |
| | | ആകെ | 4,25,000 | |

| | | | | |
|---|---|---|---|---|
| 4 | ID-32ശ്രീ. ബാലൻ, C/oശങ്കരൻ കുറുപ്പ്, കൊളമ്പിൽ തൊടി, മാഞ്ഞാറ | ആദ്യ ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | CNRB0000859/ 0859101058870 ---------- (ഗുണഭോക്തൃ വിഹിതം) 5,000 |
| | | TR64631/7.5.18 | 1,20,000 | |
| | | 131/06.02.19 | 1,00,000 | |
| | | 163/14.7.20 | 1,55,000 | |
| | | ആകെ | ? | |
| 5 | ID36-ശ്രീമതി ബിന്ദു വെങ്കിടേഷ് ഭട്ട് C/o വെങ്കിടേഷ് ഭട്ട്, തെക്കെ കളത്തിൽ കാശാംകുന്ന് | 5.12.17 | 30,000 | SIBN0000092/ 0092053000022744 ------------ 25,000 (ഗുണഭോക്തൃ വിഹിതം) |
| | | 111/31.3.18 | 1,20,000 | |
| | | | 1,25,000 | |
| | | 1051/26.11.18 | 1,00,000 | |
| | | 173/3.12.20 | 50,000 | |
| | | ആകെ | 4,25,000 | |
| 6 | ID43,ശ്രീമതി ദേവയാനി, C/o ,ചന്ദ്രൻ, പരപ്പിൽ ഹൗസ്, മഞ്ചറ | 6.12.17 | 30,000 | KLGB004254 / 40254101030318 --------- 15,000 (ഗുണഭോക്തൃ വിഹിതം) |
| | | 828001/3.12.18 | 1,00,000 | |
| | | ? | 1,20,000 | |
| | | 146/10.12.19 | 1,50,000 | |
| | | 30.4.20 | 15,000 | |
| | | ആകെ | 4,15,000 | |
| 7 | ID46,ശ്രീമതി ഫാത്തിമ, C/o മുഹമ്മദ്, കഞ്ഞിപ്പുര | ? | 30,000 | CNRB0000859/ 0859101052236 --------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | ? | 1,20,000 | |
| | | 119/14.6.18 | 1,20,000 | |
| | | 162/2.7.20 | 1,55,000 | |
| | | ആകെ | 4,15,000 | |
| 8 | ID72 ശ്രീമതി ജസ്ന , C/o അബ്ബാസ്, അത്താണിക്കൽ, കൊട്ടാരം | ? | 30,000 | SBIN0070637/ 67253398209 --------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | ? | 1,20,000 | |
| | | 124/17.9.18 | 1,00,000 | |
| | | 174/ 6.1.21 | 1,75,000 | |
| | | ആകെ | 4,25,000 | |
| 9 | ID73,ശ്രീ ജയേഷ്, C/o വാസുദേവൻ, മണ്ടുകപ്പറമ്പിൽ,മാരാംകുന്ന് | ? | 30,000 | CNRB0000859/ 0859101058229 --------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | ? | 1,20,000 | |
| | | 138/3.6.19 | 1,00,000 | |
| | | 162/ 2.7.20 | 1,75,000 | |
| | | ആകെ | 4,25,000 | |
| 10 | ID 120 ശ്രീമതി നജ്മത്ത്, C/o ഇബ്രാഹീം, പാലാറ, മഞ്ചറ | ? | 30,000 | IOBA0002298/ 229801000004009 -------- 45,000 (ഗുണഭോക്തൃ വിഹിതം) |
| | | 124072/ 23.5.19 | 1,20,000 | |
| | | ? | 1,20,000 | |
| | | 166/ 19.8.20 | 1,75,000 | |
| | | ആകെ | 4,45,000 | |
| 11 | ID 131ശ്രീമതി പതിയിൽ സൈനബ, C/o വേലായുധൻ, പതിയിൽ | ? | 30,000 | PNB0991300/ 9913001700004123 -------- |
| | | 119/14.6.18 | 1,00,000 | |
| | | 146/10.12.19 | 1,00,000 | |

| | | | | |
|---|---|---|---|---|
| | തൊഴവാനൂർ | 177/ 20.2.21 | 1,75,000 | 5,000 (ഗുണഭോക്തൃ വിഹിതം) |
| | | ആകെ | 4,05,000 | |
| 12 | ID 133 ശ്രീമതി പാത്തുമ്മ, C/o കുഞ്ഞിമൊയ്തീൻ തൊണ്ടിപള്ളിയാലിൽ | 5.12.17 | 30,000 | KGB0040254/ 40254101039124 -------- അധികം നൽകിയത് : 1,05,000 (കൂടുതലായ 1,00,000 രൂപ നഗരസഭാ അക്കൗണ്ടിലേക്ക് Credit ആയിട്ടുണ്ടെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രശീതി വിവരം ചേർത്തിട്ടില്ല) |
| | | 124/17.9.18 | 1,00,000 | |
| | | 134/5.4.19 | 1,00,000 | |
| | | 147/31.12.19 | 1,05,000 | |
| | | 171/10.11.20 | 1,70,000 | |
| | | ആകെ | 5,05,000 | |
| 13 | ID 175,ശ്രീമതി സാജിത C/o ഹംസ, തെക്കേതിൽ, മൂച്ചിക്കൽ | ? | 30,000 | SYND000466/ 46062200014890 ----------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | 111/31.3.18 | 1,20,000 | |
| | | 124/17.9.18 | 1,00,000 | |
| | | 166/19.8.20 | 1,75,000 | |
| | | ആകെ | 4,25,000 | |
| 14 | ID 177,ശ്രീമതി സലീന കെ.ടി, ഉമ്മർ, കയിനിത്തൊടി, വട്ടപ്പാറ | ? | 30,000 | IOB0002298/ 229801000004056 ----------- 5,000 (ഗുണഭോക്തൃ വിഹിതം) |
| | | 129/22.10.18 | 1,00,000 | |
| | | 134/5.4.19 | 1,00,000 | |
| | | 166/19.8.20 | 1,75,000 | |
| | | ആകെ | 4,05,000 | |
| 15 | ID 182/ ശ്രീമതി സരള, C/o കണക്കറായി, പിലാക്കോളിൽ വട്ടപ്പാറ | ? | 30,000 | SBIN0070637/ 67391971615 -------- 5,000 (ഗുണഭോക്തൃ വിഹിതം) |
| | | 3398/116.18 | 1,00,000 | |
| | | 30.4.20 | 1,20,000 | |
| | | 6.1.21 | 1,55,000 | |
| | | ആകെ | 4,05,000 | |
| 16 | ID 192 ശ്രീമതി സീനത്ത്, C/o കുഞ്ഞമ്മദ്, പൂക്കയിൽ, കഞ്ഞിപ്പുര | ഒന്ന്,രണ്ട് ഗഡു വിവരം രേഖപ്പെടുത്തിയിട്ടില്ല | | CNB0000859/ 0859101058324 -------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | 1051/26.11.18 | 1,00,000 | |
| | | 161/15.6.20 | 1,75,000 | |
| | | ആകെ | ? | |
| 17 | ID 192 ശ്രീമതി ഷഹ് ല ഷാന , C/o അബ്ദു ചെറാല, കൊളമംഗലം | ? | 30,000 | FDRL0001468/ 14680100108730 -------- 25,000 (ഗുണഭോക്തൃ വിഹിതം) |
| | | 64889/ 9.5.19 | 1,20,000 | |
| | | ? | 1,20,000 | |
| | | 167/17.9.20 | 1,55,000 | |
| | | ആകെ | 4,25,000 | |
| 18 | ID 203, ശ്രീമതി ഷീബ.പി.ടി, C/o കൃഷ്ണൻ, പന്തംതൊടി കൊളമംഗലം | ആദ്യ ഗഡു നൽകിയ വിവരം രേഖപ്പെടുത്തിയിട്ടില്ല | | SBIN0070637/ 20353956736 -------- |
| | | 1052/ 12.12.18 | 1,00,000 | |

| | | | | |
|---|---|---|---|---|
| | | | | |
| | | 110/11.7.18 | 1,00,000 | 5,000<br>(ഗുണഭോക്തൃ വിഹിതം) |
| | | 161/15.6.20 | 1,75,000 | |
| | | ആകെ | ? | |
| 19 | ID215, ശ്രീമതി സുബൈദ, C/o അസൈനാർ, ചോലക്കൽ തുമ്പിൽ, കഞ്ഞിപ്പുര | ? | 30,000 | SBIN0070637/ 67301132382<br>---------<br>5,000<br>(ഗുണഭോക്തൃ വിഹിതം) |
| | | 126/ 25.9.18 | 1,00,000 | |
| | | 1112/12.7.19 | 1,00,000 | |
| | | 163/14.7.20 | 1,75,000 | |
| | | ആകെ | 4,05,000 | |
| 20 | ID231,ശ്രീമതി സുലോചന, C/o തമ്പി, വെള്ളാട്ടുപടി, കൊട്ടാരം | ? | 30,000 | SIBN0000092/ 0092053000017692<br>---------<br>5,000<br>(ഗുണഭോക്തൃ വിഹിതം) |
| | | 9411/31.10.18 | 1,00,000 | |
| | | 17.9.20 | 1,60,000 | |
| | | 30.4.20 | 70,000 | |
| | | 17.9.20 | 5,000 | |
| | | ആകെ | 3,65,000 | |
| 21 | ID238 ശ്രീമതി തങ്ക, C/oവേലുക്കുട്ടി,ചപ്പങ്ങപ്പറമ്പിൽ, കാശാംകുന്ന് | ? | 30,000 | KGB0040254/ 40254101004191<br>------<br>5,000<br>(ഗുണഭോക്തൃ വിഹിതം) |
| | | 2,3,4ഗഡു വിവരം രേഖപ്പെടുത്തിയിട്ടില്ല | | |
| | | 167/17.9.20 | 1,75,000 | |
| | | ആകെ | ? | |
| 22 | ID239 ശ്രീ തൗഫീഖ്, C/o സൂപ്പി, കാടപ്പറമ്പിൽ, കൊട്ടാരം | ആദ്യ ഗഡു വിവരം രേഖപ്പെടുത്തിയിട്ടില്ല | | SBIN0070637/ 30520551555<br>------<br>5,000<br>(ഗുണഭോക്തൃ വിഹിതം) |
| | | 119/14.6.18 | 1,00,000 | |
| | | 133/19.3.19 | 1,00,000 | |
| | | 175/11.2.21 | 1,75,000 | |
| | | ആകെ | ? | |
| 23 | ID242 ശ്രീമതി ഉമ്മു കുത്സു, C/oമുഹമ്മദ്, മേലേപീടിയേക്കൽ. കൊട്ടാരം | ? | 30,000 | FDRL0001468/ 14680100152092<br>------<br>25,000<br>(ഗുണഭോക്തൃ വിഹിതം) |
| | | ? | 1,20,000 | |
| | | 116/17.5.18 | 1,20,000 | |
| | | 175/11.2.21 | 1,55,000 | |
| | | ആകെ | 4,25,000 | |
| 24 | ID249, ശ്രീവിശ്വനാഥൻ, C/o കണക്കറായി, മണ്ണക്കത്ത്, വട്ടപ്പാറ | ? | 30,000 | SBIN0070637/ 67395621011<br>-------<br>3,000<br>(ഗുണഭോക്തൃ വിഹിതം)<br>------------------ |
| | | 78959/9.5.19 | 1,20,000 | |
| | | 17.9.20 | 1,60,000 | |
| | | 4.3.21 | 40,000 | |
| | | 30.4.20 | 53,000 | |
| | | ആകെ | 4,03,000 | 4,68,000 |

ഗുണഭോക്തൃ വിഹിതം നഗരസഭയിൽ ഒടുക്കിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ഗുണഭോക്താവിനും നൽകിയ ഗഡുക്കളുടെ വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ബിൽ, ചെക്ക് വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പട്ടികയിൽ കൊടുത്ത ഗുണഭോക്താക്കൾക്ക് പുറമെ ധാരാളം ഗുണഭോക്താക്കളുടെ വിവരവും രജിസ്റ്ററിൽ അപൂർണ്ണമാണ്.

സബ്സിഡി തുകയായ നാലു ലക്ഷത്തിനു പുറമെ നൽകിയ തുകകൾ യഥാർത്ഥത്തിൽ ഗുണഭോക്തൃ വിഹിതം

തന്നെയല്ലെങ്കിൽ അധികം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.38/23.07.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം നഗരസഭയിൽ ഒടുക്കിയ രശീതി വിവരവും ക്രമ നമ്പർ 12 പ്രകാരമുള്ള തിരിച്ചടവ് വിവരവും ആയത് ഉൾപ്പെടെയുള്ള വിവരം ചേർത്ത് രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ അധികം നൽകിയ 4,68,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രശീതി ഹാജരാക്കാത്തപക്ഷം 4,68,000/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 1-43 കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം: ICDS സൂപ്പർവൈസർ

വയോമിത്രം പദ്ധതി പ്രകാരം 15,17,400 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ബിൽ/ചെക്ക്/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 8/21,വയോമിത്രം | 28900948588/15.01.21 | 10,00,000 | Payment To Kerala Social Security Mission |
| 143/21, വയോമിത്രം | | 517400 | |
| ആകെ | | 15,17,400 | |

ആയതിന്റെ കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യ പത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.34/23.7.22) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 15,17,400 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-44 ജി.എസ്.ടി.-TDS ഈടാക്കിയില്ല.

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000 രൂപയ്ക്ക് മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018 ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2%ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. പട്ടികയിൽ പരാമർശിച്ച പുലരി ന്യൂട്രീമിക്സിന് ഇൻവോയ്സുകൾ പ്രകാരമുള്ള തുക അനുവദിച്ച വേളയിൽ ബാധകമായ 2% നികുതി TDS നടത്തിയതായി കാണുന്നില്ല. (നിർവ്വഹണം- ICDS സൂപ്പർവൈസർ)

| പ്രൊജക്ട് | ബിൽ/ചെക്ക് നം/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 140/21 , അംഗനവാടി പോഷകാഹാര പദ്ധതി | | 333868 | പുലരി ന്യൂട്രീമിക്സ്- 153898 (Invoice No.30/3.2.20- Taxable Amount-145530) 135243.68 (Invoice No.34/29.2.20- Taxable Amount-128800)<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-13351<br>ട്രാൻസ്പോർട്ടേഷൻ-31390 |
| 6/21 , അംഗനവാടി പോഷകാഹാര പദ്ധതി | 2900326566/8.7.20 | 519210 | പുലരി ന്യൂട്രീമിക്സ്- 135243.68 (Invoice No.01/3.4.20- Taxable Amount-122363) 124362 (Invoice No.3/01.5.20- Taxable Amount-101118)+ 124362(Invoice No.6/01.6.20- Taxable Amount-101118 + 135243.68 (Invoice No.8/01.7.20- Taxable Amount-122363) |
| | 2900448912/19.8.20 | 135465 | പുലരി ന്യൂട്രീമിക്സ്- 135465(Invoice No.11/22.7.20- Taxable Amount-122564) |

| | | | |
|---|---|---|---|
| | 2900596980/8.10.20 | 306666 | ട്രാൻസ്പോർട്ടേഷൻ-26186<br>പുലരി ന്യൂട്രീമിക്സ്- 139241.02(Invoice No.14/1.9.20- Taxable Amount-125980)+141239.70(Invoice No.18/22.9.20- Taxable Amount-127769) |
| | 2900803729/4.12.20 | 587629 | ട്രാൻസ്പോർട്ടേഷൻ-32265<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-406119+To GST8228<br>പുലരി ന്യൂട്രീമിക്സ്- 141017(Invoice No.21/2.11.20- Taxable Amount-127587) |
| | 2900803745/4.12.20 | 143904 | പുലരി ന്യൂട്രീമിക്സ്- 143904(Invoice No.23/2.12.20- Taxable Amount-130199) |
| | | 914901 | ട്രാൻസ്പോർട്ടേഷൻ-34683<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-415589+To GST8266<br>പുലരി ന്യൂട്രീമിക്സ്- 152121(Invoice No.25/1.1.21- Taxable Amount-137633)+ 152121(Invoice No.29/1.3.21- Taxable Amount-137633) |

നികുതി വിധേയമായ [145530+128800+122363+101118+101118+122363+122564+125980+127769+127587+130199+137633+137633=1630657] 1630657രൂപയുടെ 2% -32,613 രൂപ ബില്ലുകളിൽ നിന്ന് കുറവു വരുത്തി നികുതി വകുപ്പിൽ ഒടുക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശത്തിനനുസൃതമായി നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 33 /23.07.2022) നൽകി. മറുപടി ലഭ്യമാക്കിയില്ല. നിയമ പ്രകാരമുള്ള നികുതി പിടിച്ച് ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-45 കടത്ത് കൂലി -ഇൻകം ടാക്സ് ഈടാക്കിയില്ല.

ഒരു കരാറിന്റെ അടിസ്ഥാനത്തിലുള്ള കടത്തുകൂലിക്ക് ആദായ നികുതി നിയമം 194C വകുപ്പ് പ്രകാരം വ്യക്തികളിൽ നിന്നാണെങ്കിൽ 1% ഇംകം ടാക്സ് TDS നടത്തണം. ഒറ്റത്തവണ 30000 രൂപയോ വർഷത്തിൽ ആകെ നൽകുന്ന തുക ഒരു ലക്ഷമോ ആണെങ്കിൽ നികുതി ബാധകമാണ്. അംഗനവാടി പോഷകാഹാര പദ്ധതി പ്രകാരമുള്ള ഭക്ഷ്യവസ്തുക്കൾ എത്തിച്ചതിന്റെ കടത്തു കൂലി ശ്രീ.മമ്മി എന്നയാൾക്ക് നൽകിയിട്ടുണ്ട്.

നിർവ്വഹണം : ICDS സൂപ്പർവൈസർ

| പ്രൊജക്ട് | ബിൽ/ചെക്ക് നം/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 06/20 , അംഗനവാടി പോഷകാഹാര പദ്ധതി | 2900596980/8.10.20 | 306666 | ട്രാൻസ്പോർടേഷൻ -26186<br>പുലരി ന്യൂട്രീമിക്സ്- 139241.02(Invoice No.14/1.9.20- Taxable Amount-125980)+141239.70(Invoice No.18/22.9.20- Taxable Amount-127769) |
| | 2900803729/4.12.20 | 587629 | ട്രാൻസ്പോർടേഷൻ -32265<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-406119+To GST8228<br>പുലരി ന്യൂട്രീമിക്സ്- 141017(Invoice No.21/2.11.20- Taxable Amount-127587) |

| | | | |
|---|---|---|---|
| | ചെക്ക്/ബിൽ വിവരം രേഖപ്പെടുത്തിയിട്ടില്ല. | 914901 | ട്രാൻസ്പോർട്ടേഷൻ -34683<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-415589+To GST8266<br>പുലരി ന്യൂട്രീമിക്സ്- 152121(Invoice No.25/1.1.21- Taxable Amount-137633)+ 152121(Invoice No.29/1.3.21- Taxable Amount-137633) |
| 140/21 അംഗനവാടി പോഷകാഹാര പദ്ധതി | ചെക്ക്/ബിൽ വിവരം രേഖപ്പെടുത്തിയിട്ടില്ല. | 333868 | പുലരി ന്യൂട്രീമിക്സ്- 153898 (Invoice No.30/3.2.20- Taxable Amount-145530)135243.68(Invoice No.34/29.2.20- Taxable Amount-128800)<br>വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്-13351<br>ട്രാൻസ്പോർട്ടേഷൻ -31390 |
| | ചെക്ക്/ബിൽ വിവരം രേഖപ്പെടുത്തിയിട്ടില്ല. | 63944 | ട്രാൻസ്പോർട്ടേഷൻ -63944 |

നിയമപ്രകാരമുള്ള നികുതി പിടിച്ച് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 35 /23.07.2022) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-46 അഗതിരഹിതകേരളം പദ്ധതി-അവലോകനം

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിതകേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി.12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2019-20 വർഷത്തിലാണ് അഗതിരഹിത കേരളം പദ്ധതി വളാഞ്ചേരി നഗരസഭയിൽ ആരംഭിച്ചത്. 2021-22 വർഷത്തിൽ അവസാനിക്കുകയും ചെയ്തു. ആയതിന് താഴെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 3110102 |
| പ്ലാൻ ഫണ്ട് | 11252600 |
| സ്പോൺസർഷിപ്പ് | 492000 |

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അഗതിരഹിത കേരളം പദ്ധതിക്ക് താഴെ പറയും പ്രകാരം ചലഞ്ച്ഫണ്ട് ലഭ്യമായിട്ടുണ്ട്.

| ലഭ്യമായ ഫണ്ട് | 2019-20 | 2020-21 |
|---|---|---|
| ചലഞ്ച്ഫണ്ട് വിഹിതം | 453808 | 1036701 |

മേൽ തുക അഗതിരഹിതകേരളം പദ്ധതി അക്കൗണ്ട് നമ്പർ 40254101001963 കെജിബി വളാഞ്ചേരിയിൽ സൂക്ഷിക്കുകയും പ്രോജെക്ട് നിർവഹണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മേൽ അക്കൗണ്ടിൽ 31-3-2022 ന് ആകെ 10160 രൂപ ബാലൻസ് ഉണ്ട്. 2019-20 വർഷത്തിൽ പദ്ധതി ആരംഭിക്കുമ്പോൾ ആകെ 110 ഗുണഭോക്താക്കളാണ് അഗതിരഹിതകേരളം പദ്ധതിയിൽ നഗരസഭയിൽ നിലവിലുണ്ടായിരുന്നത്. 102 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 2019-20 വർഷത്തിൽ ഭക്ഷണകിറ്റ് വിതരണത്തിനായി 871777 രൂപയും പഠനോപകരണങ്ങൾ നൽകുന്നതിനായി 15000 രൂപയും മറ്റു ചെലവുകൾക്കായി 7385 രൂപയും ചെലവഴിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഭക്ഷണകിറ്റ് നൽകുന്നതിനായി 666501 രൂപയും ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ വീട് റിപ്പയറിനായി പ്രോജെക്ട് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ജനറൽ വിഭാഗത്തിൽ വികസന ഫണ്ടിൽ നിന്നും 3,50,000 രൂപയും തനത് ഫണ്ടിൽ നിന്നും 5,45,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ വികസന ഫണ്ട് എസ് സി പി യിൽ നിന്നും 4,49,999 രൂപയും ചെലവഴിച്ചിട്ടുണ്ട്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 അഗതിരഹിതകേരളം പദ്ധതി അവസാനിച്ച സന്ദർഭത്തിൽ മാർഗരേഖയിൽ പരാമർശിച്ച എല്ലാ സേവനങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയില്ല.

2 അയൽക്കൂട്ടങ്ങൾ അഗതി മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3 ഭവനറിപ്പയർ രജിസ്റ്റർ പ്രോജെക്ട് ഓഫീസർ എല്ലാ വിവരങ്ങളും ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-47 കുടിവെള്ളം വിതരണം-അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. വൗച്ചർ നം.124/28-05-2020 : 5,33,750

2. വൗച്ചർ നം.169/09-06-2020 : 3,83,625

3. വൗച്ചർ നം.239/08-07-2020 : 7,21,462

---------

ആകെ 16,38,837

നഗരസഭയിലെ ജലക്ഷാമം രൂക്ഷമായ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറിന് ശ്രീ. ഷംസുദ്ദീൻ. പി.പി,തൊഴുവാനൂർ സമർപ്പിച്ച ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. (1250രൂപ/ലോഡ്). ആയതിന്റെ നിർവ്വഹണ രേഖകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു-

1. GPS സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ GPS ട്രിപ്പ് ഷീറ്റുകൾ നഗരസഭാ ഉദ്യോഗസ്ഥർ, വാർഡ് കൗൺസിലർ, വില്ലേജ് ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം അനുമതി ലഭ്യമാക്കാതെ തനത് ഫണ്ട് വിനിയോഗിച്ചത് നഗരസഭക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കി.

3. ചെലവ് തുക യാതൊരു കാരണവശാലും 16.5 ലക്ഷത്തിൽ കൂടരുത് എന്ന കർശന നിർദ്ദേശം 27.02.2020 ലെ സ.ഉ.(സാധാ) 494/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നൽകിയിരുന്നെങ്കിലും നഗരസഭ 16,501/- രൂപ ഇൻകം ടാക്സ് ഉൾപ്പെടെ ആകെ 16,55,338 രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

5. വിതരണത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗ യോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള പരിശോധനകളൊന്നും നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 21/20-21/16-07-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 16,55,338 രൂപ തടസ്സം ചെയ്യുന്നു.

## 1-48 വൃക്ക രോഗികൾക്ക് മരുന്ന് - വിതരണ രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് : വൃക്ക രോഗികൾക്ക് മരുന്ന് വിതരണം

നം : S0337/2021

അടങ്കൽ - 1,62,871 (വികസന ഫണ്ട്-ജനറൽ)

BRN 201508470021005779/01-10-2020 : 1,62,871

2020-21ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം നഗരസഭയിലെ വൃക്കരോഗികൾക്കുള്ള മരുന്നുകൾ നീതി സ്റ്റോർ, വളാഞ്ചേരിയിൽ നിന്നും വാങ്ങിയതിന് 1,62,871 രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)നം.69/2020/തസ്വഭവ/30-04-2020 പ്രകാരം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ മുഖേന മരുന്ന് വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മരുന്നുകൾ മെഡിക്കൽ ഓഫീസർ കൈപ്പറ്റിയതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്തതിന്റെയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,62,871 രൂപ തടസ്സം ചെയ്യുന്നു.

## 1-49 പെൻഷൻ ഫണ്ട് - അക്കൗണ്ട് ആരംഭിച്ചില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്)ചട്ടങ്ങൾ ചട്ടം 10 പ്രകാരം

പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി ട്രഷറിയിലോ ദേശസാത്കൃതബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യങ്ങൾക്ക് വേണ്ടി 9-ാം ചട്ടത്തിലെ മൂന്നും നാലും ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് വരവ് വെക്കേണ്ടതുമാണ്. കൂടാതെ, കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97 /എൽ.എ.ഡി.തീ.3.5.1997), പ്രകാരം എല്ലാ ഫുൾ ടൈം കണ്ടിജന്റ് എംപ്ളോയീസിന്റേയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% തുക അതത് മാസത്തെ കണ്ടിജൻറ് ജീവനക്കാരുടെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ശമ്പളം മാറുന്ന ദിവസം തന്നെ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് വകമാറ്റി ചെലവഴിക്കാനും പാടില്ലാത്തതാണ്.

മേൽ നിബന്ധനകൾ പ്രകാരം പെൻഷൻ ഫണ്ട് അക്കൗണ്ട് തുടങ്ങിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 32/20-21/20-07-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു-വൻ വരുമാന നഷ്ടം

ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ ബിൽഡിംഗ്, കംഫർട്ട് സ്റ്റേഷൻ ബിൽഡിംഗ്, കാവുംപുറം ബസ് വെയിറ്റിംഗ് ഷെഡ് എന്നിവയിലെ മുറികളുടെ വാടക സംബന്ധിച്ച് 2015ൽ നഗരസഭയായി മാറിയതിന് ശേഷം ബൈലോ തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തായിരുന്ന കാലത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച് 2004 ജൂൺ 26ന് അംഗീകാരം ലഭിച്ച ബൈലോയാണ് പരിശോധനയ്ക്ക് ലഭിച്ചത്. ബൈലോ പരിഷ്കരിച്ച് അംഗീകാരം നേടുന്നതിന് നിലവിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. മറ്റു കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് യാതൊരു ബൈലോയും തയ്യാറാക്കിയിട്ടില്ല. അതത് മാസത്തിലെ പത്താം തിയ്യതിക്കകം മുൻകൂറായി വാടക ഒടുക്കുന്ന രീതിയാണ് നിലവിൽ നഗരസഭ പുലർത്തുന്നത്. ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച 2004ലെ ബൈലോ ഖണ്ഡിക 13 പ്രകാരം അതത് മാസത്തെ അവസാന പ്രവൃത്തി ദിവസത്തിനകം ഒടുക്കിയാൽ മതി. ഷോപ്പിംഗ് കോംപ്ലക്സ് ഗുണഭോക്തൃ വിഹിതം (ഡെപ്പോസിറ്റ്) വാങ്ങി നിർമ്മിച്ചതും ആയത് പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നതുമാണ്. നിലവിൽ ധാരാളം ലൈസൻസികൾ യഥാസമയം വാടക ഒടുക്കുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് റൂമുകളിൽ ഭാഗികമായും പൂർണ്ണമായും വാടക ഒടുക്കാതെയും ലൈസൻസികളുടെ പേര് വിവരം ചേർക്കാതെ ഒഴിഞ്ഞു കിടക്കുന്ന റൂമുകളും രജിസ്റ്റർ പ്രകാരമുണ്ട്. പേര് വിവരം രേഖപ്പെടുത്തിയ റൂമുകൾ പ്രസ്തുത ലൈസൻസികൾ നഗരസഭയെ തിരിച്ചേൽപ്പിച്ചിട്ടുണ്ടോ ഇല്ലയോ എന്ന വിവരം രജിസ്റ്റർ പ്രകാരം ലഭ്യമല്ല.

| ക്ര. നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | നിലവിലുണ്ടായിരുന്ന വാടക +GST | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.അമ്പായപ്പുള്ളി അബ്ദുൽ ഖാദർ | G 14 | 7693+1386 | 2019 മാർച്ച് മുതൽ ഒടുക്കിയിട്ടില്ല |
| 2 | ശ്രീ.വി.പി.അയ്യപ്പൻ | G 24 | 4040+728 | 2020ഫെബ്രുവരി മുതൽ ഒടുക്കിയിട്ടില്ല |
| 3 | ശ്രീ.പാലാറ ഇബ്രാഹീം | G 34 | 6967+1254 | 2019-20,2020-21 വർഷങ്ങളിൽ ഒടുക്കിയിട്ടില്ല |
| 4 | ശ്രീ.വി.പി.അയ്യപ്പൻ | G 35 | 4222+760 | ടി |
| 5 | ശ്രീ.ഷാഹുൽ ഹമീദ്, മണ്ണങ്ങര | F 01 | 6196+1116 | ടി |
| 6 | ശ്രീ. അബ്ദുൽ റഷീദ്, പൊട്ടച്ചോല | F 08 | 1626+294 | ടി |
| 7 | Vacant | F 12 | 2804+506 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 8 | ശ്രീ.CK അസീസ് | F 15 | 3080+554 | 2019-20,2020-21 വർഷങ്ങളിൽ ഒടുക്കിയിട്ടില്ല |
| 9 | ശ്രീ.സൈതാലിക്കുട്ടി കുത്തുകല്ലിങ്ങൽ | F 16 | 1208+218 | ടി |

| | | | | |
|---|---|---|---|---|
| 10 | Vacant | F 18 | 2933+528 | ടി |
| 11 | ശ്രീ.സൈതലവി | F 20 | 1626+294 | ടി |
| 12 | യോഗക്ഷേമം | F 22 | 2933+528 | ടി |
| 13 | ശ്രീ.CK അസീസ് | F 23 | 3165+570 | ടി |
| 14 | ശ്രീ.സന്തോഷ് ബാബു മുണ്ടകാട്ടിൽ | F 24 | 1329+240 | ടി |
| 15 | ശ്രീ.VT അബ്ദുൽ ഗഫൂർ | F 29 | 1329+240 | ടി |
| 16 | ശ്രീ.KB അബ്ദുറഹ്മാൻ | F 31 | 1329+240 | ടി |
| 17 | ശ്രീ.ബാബുരാജ് KV | F 32 | 1329+240 | ടി |
| 18 | ശ്രീ.അമീർ ഫൈസൽ, കക്കാട് | F 33 | 1329+240 | ടി |
| 19 | ശ്രീ.ചന്ദ്രൻ, പട്ടേരിപ്പറമ്പിൽ | F 35 | 1329+240 | ടി |
| 20 | ശ്രീ.അമീർ ഫൈസൽ, കക്കാട് | F 37 | 2586+466 | ടി |
| 21 | ശ്രീ.KB അബ്ദുറഹ്മാൻ ഹാജി | F 38 | 3079+554 | ടി |
| 22 | വളാഞ്ചേരി ട്രഷറി | 8 - 1 | NIL | വാടക നിശ്ചയിച്ച് നൽകിട്ടില്ല. കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 23 | Vacant | 8 - 7 | 845+152 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 24 | Vacant | 8 - 9 | 856+154 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 25 | Vacant | 8 - 11 | 851+154 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല |

2004ലെ ബൈലോ ഖണ്ഡിക 13 പ്രകാരം 3 മാസം കുടിശ്ശിക വരുത്തുന്നപക്ഷം വാടകക്കാരനെ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികക്കാരിൽ നിന്ന് ആയത് പലിശ സഹിതം വസൂലാക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ ലേലം ചെയ്തോ ചട്ടങ്ങൾ അനുവദിക്കുന്ന മറ്റു നടപടികൾ സ്വീകരിച്ചോ ലൈസൻസികൾക്ക് ഏൽപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ച. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- വാർഡ് 10 | ട്രഷറി ചെക്ക് നം. 53330/15.05.20 | 124269 | 124269 | പൂർത്തീകരിച്ചു | -- |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്കായി സ്ട്രീറ്റ് ലൈൻ വലിക്കൽ അധിക വിഹിതം<br>വാർഡ് - 16 | ട്രഷറി ചെക്ക് നം. 2015084/15.05.20 7002100/15.05.20 53329/15.05.20 | 492375 | 492375 | പൂർത്തീകരിച്ചു | -- |
| കെ.എസ്.ഇ.ബി | നഗരസഭയിലെ വിവിധ എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിൻവലിക്കൽ | ട്രഷറി 20.05.2020 | 1080000 | 1080000 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | ട്രഷറി 22.03.2021 | 900000 | 900000 | നടന്നു വരുന്നു | |
| കെ.എസ്.ഇ.ബി | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 12042/02.06.20 | 900000 | 900000 | പൂർത്തീകരിച്ചു | |
| കെ.എസ്.ഇ.ബി | മിനി വ്യവസായ കേന്ദ്രം വൈദ്യുതീകരണം | 100359/12/10/20 | 127034 | 127034 | പൂർത്തീകരിച്ചു | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക (തൻവർഷം | വർഷാരം ഭത്തിൽ | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|

| | | ലഭിച്ചത്) | തിരിച്ചടക്കാനുള്ള ബാക്കി | മുതൽ | പലിശ | |
|---|---|---|---|---|---|---|
| HUDCO ലോൺ | ...... | 3000000 (വരവ്) | 36973332 | 1839999 | 0 | 38133333 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 62500 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 62500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 62500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Share Certificate In Malappuram Co.op Spinning Mills. No:94 , Dated : 27.07.1977 | 2500 |
| Share Certificate In Malappuram District Co. Op Hospital No: 023 , Dated : 30.09.1993 | 5000 |
| Share Certificate In Malabar Co. Op. Textiles No. 469 , Dated : 14.08.1997 | 50000 |
| Share Certificate In Malappuram District Panchayat Employees Co. Op. Society Ltd No: 351 , Dated : 31.03.2001 | 5000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 3-10 | 2015-16 | 8-19 | ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | നടപടി തുടരുന്നു. |
| 2014-15 | 2-1<br>2-2 | 2016-17 | | അനുബന്ധം-3 വസ്തു നികുതി<br>അനുബന്ധം-4 തൊഴിൽ നികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2020-21 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 222026670 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139188180 |
| വരവിനങ്ങളിലുള്ള നഷ്ടം | ..... |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ..... |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7970909 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 495366 | ശ്രീമതി. ലക്ഷ്മി ഒ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 1-28-1 | 1468551 | ശ്രീമതി. ലക്ഷ്മി ഒ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 1-28-2 | 49888 | ശ്രീമതി. ലക്ഷ്മി ഒ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 1-31 | 1978330 | ശ്രീമതി. സീന എച്ച്<br>സെക്രട്ടറി |
| 1-34 | 3000 | ശ്രീ. സുനിൽകുമാർ എസ് (അഡീഷണൽ ചാർജ്ജ്) |
| | 85465 | ശ്രീമതി. സീന എച്ച് സെക്രട്ടറി |
| | 86700 | ശ്രീമതി. സീന എച്ച് സെക്രട്ടറി |
| 1-42 | 468000 | ശ്രീ. ബെന്നി മാത്യു<br>പ്രോജക്ട് ഓഫീസർ |
| 1-43 | 1517400 | ശ്രീമതി. ശാന്തകുമാരി. ഒ,<br>ICDS സൂപ്പർവൈസർ |
| 1-47 | 1655338 | ശ്രീ. സുനിൽകുമാർ എസ് (അഡീഷണൽ ചാർജ്ജ്) |
| 1-48 | 162871 | ശ്രീ. സുനിൽകുമാർ എസ് (അഡീഷണൽ ചാർജ്ജ്) |
| ആകെ | 7970909 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 1995-96 | LFM11/78/98/28-2-03 | 9 |
| 1996-97 | LFM11/378/03/28-2-03 | 1 |
| 1997-98 | LFM11/414/01/28-2-03 | 1 |
| 1998-99 | LFM11/1764/01/28-2-03 | 22 |
| 1999-00 | LFM11/118/02/28-2-03 | 13 |
| 2000-01 | LFM11/1222/01/16-11-02 | 7 |
| 2001-02 | LFM11/935/03/6-8-04 | 15 |
| 2002-03 | LFM12/1286/04/25-4-05 | 5 |
| 2003-04 | LFM9/1422/07/15-2-06 | 12 |
| 2004 -05 | LFM9/297/8-2-07 | 8 |
| 2005-06 | LFM9/298/07/8-2-07 | 10 |
| 2006-07 | LFM9/444/09/7-5-10 | 10 |
| 2007-08 | LFM13/2088/10/ | 9 |
| 2008-09 | LFM13/2089/10 | 13 |
| 2007-08 | LFM13/2446/11/26-12-11(FR) | 8 |
| 08-09 | LFM13/2447/11 26-12-11(FR) | 7 |
| 2009-10, 2010-11 | LFM13/785/13/25-5-13 /12-6-13 | 26 |
| 2011-12, 2012-13 | LFM13/ 856/ 15 21-5-15 | 15 |
| 2013-14, 2014-15 | LFM13/ 1514/2015 Dated 01-08-2015 | 22 |
| 2015-16 | KSAMPM25/241/2017 Dated 7-02-2017 | 16 |
| 2016-17 | KSAMPM25/2456/2017 30 -11 -2017 | 13 |
| 2017-18 | കെ.എസ്.എ എം.പി.എം 25/2869/2018 Dated 19.01.2019 | 22 |
| 2018-19 | KSAMPM25/2265/2019 17-10-2019 | 13 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്